# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മണിമല ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**




# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# കോട്ടയം-686001


## ഇ-മെയിൽ: doktm.ksad@kerala.gov.in
## ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം./ പി11/67/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 21/01/2026
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണിമല ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മണിമല ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണിമല ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം./ പി11/67/2026 തീയ്യതി: 21/01/2026

# കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-12-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ് എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2025 | 22-12-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-12-2025 | 22-12-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വി.ജി സജിമോൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ആൽബിൻ സിറിയക്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഉണ്ണികൃഷ്ണൻ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രിൻസി ആന്റണി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബിനോയി വർഗ്ഗീസ് | പ്രസിഡന്റ് | 01-04-2024 | 20-01-2025 |
| ശ്രീമതി. റോസമ്മ വർഗ്ഗീസ്സ് | പ്രസിഡന്റ് | 21-01-2025 | 03-02-2025 |
| ശ്രീ.സിറിൽ തോമസ് | പ്രസിഡന്റ് | 04-02-2025 | 31-03-2025 |
| ശ്രീ. ഷിജുകുമാർ സി. | സെക്രട്ടറി | 01-04-2024 | 23-09-2024 |
| ശ്രീമതി.സോഫിയ മാത്യു | സെക്രട്ടറി | 23-09-2024 | 26-10-2024 |
| ശ്രീ ജോയിസ് സെബാസ്റ്റ്യൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-10-2024 | 10-11-2024 |
| ശ്രീമതി.സോഫിയ മാത്യു | സെക്രട്ടറി | 11-11-2024 | 11-02-2025 |
| ശ്രീ ജോയിസ് സെബാസ്റ്റ്യൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-02-2025 | 02-03-2025 |
| ശ്രീമതി.സോഫിയ മാത്യു | സെക്രട്ടറി | 03-03-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അരുൺ ജോസഫ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.മെറീന തോമസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 14-12-2024 |
| ശ്രീമതി.ഓമന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15-12-2024 | 31-03-2025 |
| ശ്രീ ഷാജൻ ജോസഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 08-12-2024 |
| ശ്രീ.രാജേഷ് മുരളീധരൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 09-12-2024 | 31-03-2025 |
| ശ്രീമതി ജാൻസിമോൾ വർഗ്ഗീസ് | ഹെഡ്മിസ്ട്രസ് (ഗവ.എൽപിഎസ് കറിക്കാട്ടൂർ) | 01-04-2024 | 31-03-2025 |
| ശ്രീ വിഷ്ണു എം. എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ ജോയിസ് സെബാസ്റ്റ്യൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി പ്രേമോൾ ദാസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |
| ഡോ.അനഘ എസ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ ഷാൻകുമാർ കെ. പി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(മണിമല,കറിക്കാട്ടൂർ) | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. രാജീവ് രാജേന്ദ്രൻ | മെഡിക്കൽ ഓഫീസർ(പിഎച്ച്സി) | 01-04-2024 | 31-01-2025 |
| ഡോ.രേഖ ശാലിനി | മെഡിക്കൽ ഓഫീസർ(പിഎച്ച്സി) | 01-02-2025 | 31-03-2025 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല | 1-1-3 |
| 5 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-4 |
| 6 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല | 1-1-5 |
| 7 | ബി-5 & ബി-16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | റിഡംപ്ഷൻ തുകയിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-7 |
| 9 | Prior Period ആയി ക്രമീകരിച്ച വരവു ചെലവുകളുടെ ആധികാരികത വ്യക്തമല്ല | 1-1-8 |
| 10 | മുൻകൂർ തുകകൾ ക്രമീകരിച്ചില്ല | 1-1-9 |
| 11 | ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത വ്യക്തമല്ല | 1-1-10 |
| 12 | CFC (Tied & Untied) - ബി-4 & ബി-17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-12 |
| 14 | ഫെസ്റ്റിവൽ അഡ്വാൻസ് തുക ക്രമീകരിച്ചില്ല | 1-1-13 |
| 15 | MGNREGS വരവുചെലവ് കണക്കുകളിൽ അവ്യക്തത | 1-1-14 |

| | | |
|---|---|---|
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗത്തിലെ ഗുരുതരമായ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 32.26 ലക്ഷത്തിൽപ്പരം രൂപ | 1-4-1 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | വാർഷിക പദ്ധതി അവലോകനം. | 1-5 |
| 21 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 22 | സാമൂഹ്യ സുരക്ഷ പദ്ധതികൾ | 1-7 |
| 23 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 24 | കെ-സ്മാർട്ട് അവലോകനം | 1-9-1 |
| 25 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | അക്കൗണ്ട് സൂക്ഷിപ്പിലെ അപാകതകൾ | 1-11 |
| 28 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചില്ല. | 1-12 |
| 29 | വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് തന്നെ വ്യത്യസ്ത രീതിയിൽ പരിഗണിച്ചു | 1-13 |
| 30 | ചട്ട വിരുദ്ധമായി വിവിധ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകി | 1-14 |
| 31 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-15 |
| 32 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-16 |
| 33 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്യാതെ പ്രവർത്തിക്കുന്നു | 1-17 |

| | | |
|---|---|---|
| 34 | മൂലധനനിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല. | 1-18 |
| 35 | മണിമല എഫ് എച്ച് സി, കറിക്കാട്ടൂർ പി.എച്ച്.സി സബ് സെന്ററുകളിലെ മണ്ണു ലേലം - സീനിയറേജ് ചാർജ് അടവാക്കിയില്ല. | 1-19 |
| 36 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-20 |
| 37 | അധിക നിരക്കിൽ സ്കോളർഷിപ്പ് തുക അനുവദിച്ച് നൽകി | 1-21 |
| 38 | 'സ്ത്രീ പദവി' പഠനം - പഠന റിപ്പോർട്ടിലെ ശുപാർശകൾ വാർഷിക പദ്ധതി രൂപീകരണത്തിൽ പ്രതിഫലിച്ചില്ല | 1-22 |
| 39 | വയോജനങ്ങൾക്ക് കട്ടിൽ വിതരണ പദ്ധതി - ചെലവ് രേഖകളിൽ അവ്യക്തത | 1-23 |
| 40 | ലൈഫ് ഭവന പദ്ധതി & ഭവന പുനരുദ്ധാരണ പദ്ധതി - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-24 |
| 41 | എഫ്.എച്ച്.സികളുടെ സബ്സെന്റർ കെട്ടിട നിർമ്മാണം - അപാകതകൾ | 1- 25 |
| 42 | Dry Rubble Masonry- ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ഥ നിരക്കിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നു | 1-26 |
| 43 | പൂർത്തീകരണം താമസിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-27 |
| 44 | തെരുവു വിളക്കുകൾ സ്ഥാപിക്കലും മെയിന്റനൻസും -പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-28 |
| 45 | നിക്ഷേപ ഫണ്ട് കൈമാറൽ പ്രവൃത്തികൾ- പൂർത്തീകരണ/ വിനിയോഗ വിശദാംശങ്ങൾ ലഭ്യമല്ല | 1-29 |
| 46 | പട്ടികജാതി സാംസ്ക്കാരികനിലയം-FITയ്ക്ക് കൈമാറിയ തുക തിരികെ ഈടാക്കാൻ നടപടികളായില്ല | 1-30 |

| | | |
|---|---|---|
| 47 | ആരോഗ്യമേഖലാ ഗ്രാന്റ് - അവലോകനം | 1-31 |
| 48 | ജൽ ജീവൻമിഷൻ-അവലോകനം | 1- 32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് -പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) മണിമല ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 ര പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും ( ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറ ഭരണസമിതിയുടെ 30/06/2025 തീയതിയിലെ (3)-ാം നമ്പർ തീരുമാനം പ്രകാരം അംഗീ 14/07/2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1 കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗ ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഒ ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4. എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവി മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട് അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ ( അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഒ നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമ

എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രി വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വ തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടു മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളു അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളു അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**</u>

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയ മണിമല ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർ ധനകാര്യപത്രികകൾ 31/03/2025 -ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പ ഇടപാടുകളുടെയും, 31/03/2025 -ലെ സാമ്പത്തിക നിലയുടെയും സത്യസന ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 21.01.2026** **ഡെപ്യൂട്ടി ഡയറക്ടർ**

## <u>1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖക സൂക്ഷിച്ചിട്ടില്ല</u>

പഞ്ചായത്തിന്റെ 31.03.2025 തീയതിയിലെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ
എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ല

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26.07.2011-ലെ ജി.ഒ (എം.എസ്) 152/2011/തസ്വഭവ -ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായ് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-3 മൂലധന ആസ്തി കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗ സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത നിർണ്ണയിക്കാതിരിക്കുകയും, തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധന പത്രികയിൽ നൽകിയിട്ടുള്ള മൂലധന ആസ്തികളുടെയും അവയുടെ മൂല്യശോഷണത്തിന് കണക്കുകൾ കൃത്യമല്ല.

## 1-1-4 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ)) പ്രകാരം സ്റ്റോക്കിന്റെ ഭ പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തേണ്ടതാണ്. എ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാ ധനകാര്യപത്രിക ബാലൻസ് ഷീറ്റ് (B-14) ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തി ബാലൻസ് ഷീറ്റ് പ്രകാരം, പഞ്ചായത്തിന്റെ സ്റ്റോക്ക് മൂല്യം NIL ആണ്.

## 1-1-5 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്ത
അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ
മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങ
ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ രണ്ട്
മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-6 ബി-5 & ബി-16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses
ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. 1,669,780/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-1-7 റിഡംപ്ഷൻ തുകയിൽ വ്യത്യാസം നിലനിൽക്കുന്നു

(B-15)/ 431500199 : ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം, റിഡംപ്ഷൻ ഇനത്തിൽ 31/03/2
പിൻവലിയ്ക്കപ്പെട്ട തുക 5,530,600/- രൂപയാണ്. എന്നാൽ, വാർഷിക ധനകാര്യ പത്രിക
പ്രസ്തുത ശീർഷകത്തിൽ ബാധ്യത തുകയായി നിലനിർത്തിയിരിക്കുന്നത് 5,544,656/- രൂപ
14,056/- രൂപയുടെ വ്യത്യാസം തുകകളിൽ നിലനിൽക്കുന്നു. വ്യത്യാസം നിലനിൽക്കുന്ന
രൂപയുടെ വിശദാംശം ലഭ്യമാകുന്നില്ല. ടി തുകയുടെ റിക്കവറി വിശദാംശങ്ങൾ കണ്ടെ
തിരികെ ലഭ്യമാകേണ്ട തുകയാണെങ്കിൽ, ആയത് ലഭ്യമാക്കുന്നതിനുള്ള നടപ
സ്വീകരിക്കേണ്ടതാണ്. തുക തിരികെ ലഭ്യമാകുന്നില്ല എന്ന് ഉറപ്പാക്കിയാൽ ഭരണസമിതി
അനുമതിയോടെ റിഡംപ്ഷൻ ശീർഷകത്തിൽ ക്രമീകരണം നടത്താവുന്നതാണ്.

## 1-1-8 Prior Period ആയി ക്രമീകരിച്ച വരവു ചെലവുകളുടെ ആധികാരികത വ്യക്തമല്ല

മുൻവർഷ വരവു ചെലവുകളായി ക്രമീകരിക്കപ്പെട്ട യഥാക്രമം 39,046/-, 614,094/-
തുകകളുടെ ആധികാരിത സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. Prior

ഇനങ്ങളുടെ ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടായി ധനകാര്യ പത്രികയോ ലഭ്യമാക്കിയിട്ടില്ല.

## 1-1-9 മുൻകൂർ തുകകൾ ക്രമീകരിച്ചില്ല

ബാലൻസ് ഷീറ്റ് B-18/ Loans, Advances And Deposits ഷെഡ്യൂളിൽ നിലനിൽക്കുന്ന, വിവിധ തു ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. ആയത് യഥാവിധി ക്രമീകരിക്കുന്നതിനുള്ള നടപ സ്വീകരിക്കേണ്ടതാണ്.

## 1-1-10 ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത വ്യക്ത

വിവിധ സ്ഥിര ആസ്തികളുടെ മൂല്യശോഷണ ഇനത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട തുകം അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ ഈ ഇന നൽകിയിട്ടുള്ള പ്രൊവിഷന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

## 1-1-11 CFC (Tied & Untied) - ബി-4 & ബി-17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

(B-4)/ 320200104 & 320200113 ഷെഡ്യൂളിലെ തുകകളും, (B-17) ഷെഡ്യൂളിലെ ബന്ധപ്പെട്ട ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. 11,407/- രൂപയുടെ വ്യത്യാസം നിലനിൽക്കുന

## 1-1-12 ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു

B-2/ 311100101 പ്രകാരമുള്ള തുകയും, RP 40 (B)/ 450210102 പ്രകാരമുള്ള തുകയും ത പൊരുത്തപ്പെടുന്നില്ല. 11,491/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-1-13 ഫെസ്റ്റിവൽ അഡ്വാൻസ് തുക ക്രമീകരിച്ചില്ല

B-18/ 460100101 : ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 60,000/- രൂപ തിരികെ ഈടാക്ക അവശേഷിക്കുന്നു. നെടുംകുന്നം, കരുണാപുരം, എലിക്കുളം എന്നീ പഞ്ചായത്തുകളിലേയ്ക്ക് സ്ഥലം മാറ്റം ലഭ്യമായ ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ

ഇനത്തിൽ അനുവദിച്ച 60,000/- രൂപ തിരികെ ഈടാക്കി, ബന്ധപ്പെട്ട കണക്ക് ശീർഷക ക്രമീകരണം നടത്തി രേഖാമൂലം വിവരം അറിയിക്കേണ്ടതാണ്.

## 1-1-14 MGNREGS വരവുചെലവ് കണക്കുകളിൽ അവ്യക്തത

B-4/ 320100128 : വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള MGNREGS വരവുചെലവ് നീക്കി തുകകൾ, MGNREGS ക്യാഷ് ബുക്ക് രേഖകളുമായി പൊരുത്തപ്പെടുന്നില്ല. [ഖ.(1-6) കാണുക]

## 1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ്, ധനകാര്യ സ്ഥിരം സമിതിയുടെ 09/02/2024 -ലെ 1(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ്, ധനകാര്യ സ്ഥിരം സമിത 15.03.2025തീയതിയിലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാ വരവ് – ചെലവ് കണക്കുകളും, പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്ക ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 42,31,350/- | 42,31,350/- |
| വരവ് | 16,72,17,000/- | 16,67,47,000/- |
| ആകെ | 17,14,48,350/- | 17,09,78,350/-- |
| ചെലവ് | 16,63,61,100/- | 16,64,69,100/- |
| നീക്കിയിരിപ്പ് | 50,87,250/- | 45,09,250/- |

ബജറ്റ്, റിവൈസ്ഡ് ബജറ്റ്, യഥാർത്ഥ വരവ് ചെലവ് കണക്കുകൾ എന്നിവ തമ്മിൽ ഗ അന്തരം നിലനിൽക്കുന്നു. 1994 ലെ പഞ്ചായത്ത് രാജ് ആക്ടിലെ 214-(3)-ാം വകുപ്പ് പ്ര ബജറ്റിലെ വരവുകളുടെ മതിപ്പ്, സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും

വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടു
വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ
ഫയലിൽ ഇപ്രകാരമുള്ള വിശദമായ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണ
ബജറ്റിന് ആധാരമായ വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉൾപ്പെടുത്തേണ്ടതും
വർഷങ്ങളിൽ സ്ഥാപനത്തിന്റെ ബജറ്റ് പ്രക്രിയയിൽ കൂടുതൽ ശ്രദ്ധയുണ്ടാകേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 2,29,35,245/- |
| ഓഡിറ്റ് വർഷത്തെ വരവ് | 4,29,02,493/- |
| ആകെ | 6,58,37,738/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,56,24,633/- |
| നീക്കിയിരിപ്പ് | 2,02,13,105/- |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 16,67,43,024/- |
| ആകെ ചെലവ് | 16,30,71,461/- |
| | |

| | |
|---|---|
| പ്രവർത്തന നഷ്ടം | 36,71,563/- |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (-5,75,048) |
| അറ്റ പ്രവർത്തന നഷ്ടം | 30,96,515/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50,38,230/- |

## 1-4-1 ഗ്രാന്റ് വിനിയോഗത്തിലെ ഗുരുതരമായ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 32.26 ലക്ഷത്തിൽപ്പരം രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021ലെ ജി.ഒ(എംഎസ്).79/2021 നമ്പർ ഉത്തരവനുസരിച്ച് സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹി പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശ മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവു 80 ശതമാനം കൈവരിയ്ക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും 80ശതമ

തമ്മിലുള്ള വ്യത്യാസം ( T0tal Allotment X 80% - Actual Expenditure) ഷോർട്ട് ഫോളായി പരി( തുടർന്നു വരുന്നതിന്റെ അടുത്ത സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽനിന്ന് ‹ വരുത്തുന്നതാണ്. 2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് MG (R), (NR) വിഭാഗം ഫ നിശ്ചിത 80% പരിധി അധികരിച്ച് ചെലവഴിയ്ക്കാൻ കഴിഞ്ഞില്ല. തൻമൂലം ഷോർട്ട് ഫേ 32.26 ലക്ഷത്തിൽപ്പരം രൂപയാണ് 2026-27-ൽ നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്ക

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | നീക്കിയിരിപ്പ്/ ലാപ്സായ തുക | 2025-26-ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (20%) ( ₹) | ഷോർട്ട് ഫോൾ ഇനത്ത് 2026-27-- നഷ്ടമാ തുക ( Allotment Expenditu |
|---|---|---|---|---|---|---|
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 10572000 | 6602815 | 62.46 | 3969185 | 2114400 | 1854785 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 16444000 | 11783892 | 71.66 | 4660108 | 3288800 | 1371308 |

പ്രോജക്ട് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ബിൽ തയ്യാറാക്കിയിട്ടും ട്രഷറി നിയന്ത്രണം തുക പിൻവലിക്കാൻ കഴിയാതെ ക്യൂവിലായ ബില്ലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക

| ഫണ്ട് | ബില്ലുകളുടെ എണ്ണം | തുക | അലോട്ട്മെന്റിന്റെ ശതമാനം |
| --- | --- | --- | --- |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 05 | 1212120 | 11.46 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 05 | 3809105 | 23.16 |
| ഒട്ടാകെ | 10 | 5021225 | |

കാലികമായി പ്രോജക്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ വന്ന പിഴവ്, സർക്കാ( സാമ്പത്തിക പ്രതിസന്ധി മൂലം സാമ്പത്തികവർഷാവസാനമുണ്ടായ ട്രഷറി നിയ( എന്നിവയാണ് ഗ്രാന്റ് വിനിയോഗത്തിലെ കുറവിന് ചൂണ്ടിക്കാട്ടാവുന്ന കാരണ വികസനപരമായി ഏറെ ലക്ഷ്യങ്ങൾ മുന്നിൽക്കാണുന്ന ഗ്രാമപഞ്ചായത്തിന് വാർഷിക ( നിർവഹണത്തിനായി ലഭിച്ച തുകകൾ നഷ്ടപ്പെട്ടത് അംഗീകരിക്കാവുന്നതല്ല. ക്യാരി ഓ( 20% തുക ലഭിക്കുകയെന്നത് കേവലം സാങ്കേതികത്വം മാത്രമാണ്. അത് യഥാർത്ഥ അർത്ഥ ലഭിക്കാത്ത സാഹചര്യം സംഭവിക്കുന്ന നഷ്ടത്തിന്റെ വ്യാപ്തം ഊഹിക്കാവുന്നതേയുള്ളൂ. ( വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാ( തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാ സാഹചര്യം സൃഷ്ടിക്കുക മാത്രമല്ല അനിവാര്യ വകയിരുത്തലുകൾക്കുപോലും തിക വരുന്ന അവസ്ഥയ്ക്കും ഹേതുവാകുന്നതാണ്. ഗണ്യമായ ഷോർട്ട് ഫോള ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാക്കിയത് ആശാസ്യമല്ല. ഭാവിയിൽ വീഴ്ച ആവർത്തിക്കാതിര കർശന മുൻകരുതൽ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്ക

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തികവർഷത്തെ വിവിധ ഗ്രാന്റ് തുകകളുടെ വിനിയോഗ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്പായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13096000 | 13096000 | 13096000 | 0 |
| വികസന ഫണ്ട്-SCP | 0 | 10804000 | 10804000 | 10804000 | 0 |
| വികസന ഫണ്ട്-TSP | 0 | 483000 | 483000 | 483000 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 1,188,226 | 2365097* | 3553323 | 2391845 | 1161478 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ് | 2,548,171 | 5221292** | 7769463 | 4036175 | 3733288 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 10572000 | 10572000 | 6602815 | 3969185 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 16444000 | 16444000 | 11783892 | 4660108 |
| ആരോഗ്യ ഗ്രാന്റ് – രോഗനിർണ്ണയ സൗകര്യം | 128,977 | 347009 (343000 + 4009 Int.) | 475986 | 116386 | 359600 |
| ആരോഗ്യ ഗ്രാന്റ് – സബ് സെന്റർ നിർമ്മാണം | 8,415,515 | 240005(Int.) | 8655520 | 3300000 | 5355520 |
| ആരോഗ്യ ഗ്രാന്റ് – വെൽനസ് സെന്റർ | 77,058 | 559172 (557000 + 2172 Int.) | 636230 | 71133 | 565097 |
| ശബരിമല ഗ്രാന്റ് | 628 | 1179000 | 1179628 | 0 | 1179628 |

| | | | | | |
|---|---|---|---|---|---|
| ലൈഫ് സംസ്ഥാന വിഹിതം | 43,142 | 520000 | 563142 | 100000 | 463142 |
| സ്വച്ച് ഭാരത് (SBA) | 184 | 1005829 | 1006013 | 1006013 | 00 |
| ഗ്രന്ഥശാല ഗ്രാന്റ് | 0 | 12410 | 12410 | 12410 | 0 |
| ICDS ഫണ്ട് | 1,677,479 | 2025729 | 3703208 | 558650 | 3144558 |
| സമ്പൂർണ്ണ ശുചിത്വം | 660848 | 00 | 660848 | 278348 | 382500 |
| നിർമ്മൽ പുരസ്ക്കാരം | 12209 | 00 | 12209 | 0 | 12209 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 17697 | 00 | 17697 | 0 | 17697 |

* ധനകാര്യകമ്മീഷൻഗ്രാന്റ്-അൺടൈഡ് = അലോട്ട്മെന്റ് 2207000 + Unspent Re-Allotment To 1050 + പലിശ 157047 = 2365097/-

** ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ് = 2024-25 അലോട്ട്മെന്റ് 3310000 + 2023-24 അലോട്ട 1566000 + Unspent Re-Allotment To Treasury 345292 = 5221292

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യതി വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വികസന ഫണ്ടിന്റെ അലോട്ട്മെന്റായി സൂചിപ്പിച്ചിട്ടുള്ള തുക സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെല രേഖപ്പെടുത്തിയിരിക്കുന്നത് ജി.ഒ. പ്രോജക്ടുകൾ മുഖേന സ്രോതസ്സിൽ കുറവ് ചെ തുകകൾ ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

**സ്രോതസിൽ നിന്ന് കുറവു വരുത്തിയ തുകകളുടെ വിശദാംശങ്ങൾ**

| ഫണ്ട് | ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവ് | അങ്കണവാടി ഓണറേറിയം | SCP- യിലേക്കുള്ള പരിഹാര വകയിരുത്തൽ | ( |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1092241 | 1138800 | 0 | 2 |
| വികസന ഫണ്ട് (SCP) | 694122 | 0 | 0 | 6 |
| വികസന ഫണ്ട് (TSP) | 126082 | 0 | 0 | 1 |
| ഒട്ടാകെ | 1912445 | 1138800 | 0 | 3 |

2. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഫണ്ടിൽ ആകെ അലോട്ട്മെന്റിനൊപ്പം വര ഉൾപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലെ പലിശ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അം ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അലോട്ട്മെന്റിൽ ടി തുക വ്യത്യാസം നിലനിൽക്കുന്നു.
3. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഗ്രാമപഞ്ചായത്തിന്റെ പക്കലുള്ള നീക്കി ബാക്കിയും സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും സംബന്ധിച്ച് മുൻവർഷം ചൂണ്ടിക 11,407/- രൂപയുടെ വ്യത്യാസം നിലവിലും തുടരുന്നുണ്ട്. പൊരുത്തക്കേട് പരിഹരിക്കേണ്ടത

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാക നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ ഖണ്ഡിക 1-1, അനുബന്ധം-1 ഗ്ര ഓഡിറ്റ് സാക്ഷ്യപത്രം എന്നിവ പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം.

**(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വ താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ ₹ | പൂർണമായോ ഭാഗികമായോ | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കി പ്രോജക്ടും |
|---|---|---|---|---|---|

| (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | | | ശതമാനം |
|---|---|---|---|---|---|
| 239 | 166296930 | 157 | 78960088 | 82 | 65.69 |

# നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | 6 |
|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 2318205 | 2 |
| വെറ്ററിനനറി സർജൻ | 09 | 09 | 3094872 | 2 |
| മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 12 | 07 | 4343504 | 2 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01 | 01 | 300000 | 1 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ -1 | 16 | 11 | 80141337 | 3 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-2 | 06 | 06 | 1904625 | 1 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23 | 16 | 7480098 | 4 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 50 | 32 | 9376933 | 7 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01 | 01 | 900000 | 8 |
| ഹെഡ്മിസ്ട്രസ്, ഗവ.എൽപിഎസ്, മണിമല | 08 | 05 | 2026878 | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ, LID & EW | 83 | 43 | 50467124 | 2 |
| അസിസ്റ്റന്റ് സെക്രട്ടറി | 19 | 15 | 3943354 | 3 |
| ആകെ | 239 | 157 | 166296930 | 7 |

## പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീരുമാന നം,/ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 03.01.2024 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 07.01.2024 – 14.01.2024 |
| ഭിന്നശേഷി ഗ്രാമസഭകൾ | 11.01.2024 |
| വയോജന ഗ്രാമസഭകൾ | 13.01.2024 |
| മഹിളാ ഗ്രാമസഭകൾ | 11.01.2024 |
| ഊരു കൂട്ടം | 11.01.2024 |
| വികസന സെമിനാർ | 24.01.2024 |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1(2)/ തീ. 11.02.2024 |
| ഭരണാനുമതി | 2(1)/ തീ. 15.03.2024 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം( ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം) | 84898/24/DPC/DPO/KTM 21.03.2025 |
| പ്രൊക്യുവർമെന്റ് കമ്മിറ്റി യോഗങ്ങൾ | 16.12.2024, 25.01.2025, 27.0 |

**ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റു പ്ര വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.**

- ആവിഷ്ക്കരിച്ച 239 പ്രോജക്റ്റുളിൽ 157 എണ്ണമാണ് നടപ്പാക്കാൻ കഴി പ്രായോഗികതയില്ലാത്തതും നാമമാത്ര അടങ്കലുള്ളതുമായ മരാമത്ത് പ്രോജക്റ്റും ബാഹുല്യം, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലമുള്ള ട്രഷറി നിയന്ത്ര സാമ്പത്തിക വർഷാന്ത്യം മാത്രം അലോട്ട്മെന്റുകൾ ലഭ്യമാകൽ തുടങ്ങിയ കാരണ പദ്ധതി നിർവഹണത്തെ സാരമായി ബാധിക്കുന്നു.
- ലഭ്യമായ നിർവ്വഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞിട്ടുണ

. കൃഷി-ക്ഷീരവികസന-മൃഗസംരക്ഷണ-സേവനമേഖലകളിൽ ആവ
സ്വഭാവമുള്ളതെങ്കിലും ആവിഷ്ക്കരിച്ച എല്ലാ പ്രോജക്ടുകളും നടപ്പാക്കി.

. ലഭ്യമായ വികസന ഫണ്ട് (ജനറൽ), (SCP), (TSP) വിഹിതങ്ങൾ 100% ചെലവഴിച്ചെങ്കിലും
പരിപാലന ഗ്രാന്റ് റോഡ് -റോഡിതര വിഭാഗങ്ങളിൽ 80% ചെലവു പു
കൈവരിക്കാതിരുന്നതിനാൽ 32.26 ലക്ഷം രൂപയുടെ ഷോർട്ട് ഫോൾ സംഭവിച്ചു.

. പൊതുജനാരോഗ്യമേഖലയിൽ ആശുപത്രി വികസനം, സാന്ത്വന പരിചരണം, ഡയാല്
ചികിത്സാ സഹായം, മരുന്നു ലഭ്യത തുടങ്ങിയവയ്ക്കാവശ്യമായ പ്രോജക്ടുകൾ നടപ്പ
കഴിഞ്ഞു.

. വിപുലമായ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഉൾപ്പടെ പൂർത്തിയാക്കിയ വനിത
മെൻസ്ട്രുവൽ കപ്പ് വിതരണം എന്ന പ്രോജക്ട് നടപ്പാക്കാതിരുന്നത് വിവിധ തലങ്ങ
ഏകോപനം, അവബോധപരിപാടികളുടെ അഭാവം എന്നിവ വെളിവാക്കുന്നു.

. സ്ത്രീ പദവി ഉയർത്തൽ പഠനം എന്ന പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്
ചെലവഴിക്കുവാൻ മാത്രമാണ് പ്രയോജനപ്പെട്ടിട്ടുള്ളത്.

. വയോജനങ്ങൾക്കുള്ള പ്രോജക്ടുകൾ കട്ടിൽ വിതരണത്തിൽ ഒതുങ്ങി.

. കുഴൽക്കിണറുകളുടെ നവീകരണം ഭൂജലവകുപ്പിൽ തുക നിക്ഷേപിക്കു
പരിമിതപ്പെട്ടു. ഓഡിറ്റ് തീയതിവരെയും വിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തി പൂർത്തീ
സംബന്ധിച്ച രേഖകൾ നിർവ്വഹണ ഏജൻസി ലഭ്യമാക്കിയിട്ടില്ല.

. തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ നിർവ്വഹ
വ്യത്യസ്തമല്ല. കേടായവ തകരാർ പരിഹരിച്ച് പുനഃസ്ഥാപിക്കുന്ന പദ്ധതിപ്രവർത്ത
പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും പുതിയവ വാങ്ങി സ്ഥാപിച്ച്
പൂർത്തിയാക്കുകയാണ് ചെയ്തിട്ടുള്ളത്.

. പൊന്തൻപുഴ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് 2012-13, 2013-14 വാർഷിക പദ്ധതിക
കൈമാറിയ 32 ലക്ഷത്തിൽപരം രൂപ നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡ

ട്രാവൻകൂർ ലിമിറ്റഡിൽ നിന്ന് തിരികെ ഈടാക്കാനായിട്ടില്ല.

. ഭിന്നശേഷിക്കാരുടെ വികസനത്തിനായി സഹായോപകരണങ്ങൾ, സ്കോള
കലോത്സവം എന്നിവ നടപ്പാക്കിയിട്ടുണ്ട്. സ്കോളർഷിപ്പ് വിതരണത്തിൽ സർക്കാർ
അതിലംഘിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടത് പ്രത്യേക പരാമർശമായി ഈ റിപ്പോ
അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

. ഭവന നിർമാണ മേഖലയിൽ ഗണ്യമായ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ലൈഫ
പദ്ധതിക്കായി 2.95 കോടിയിലധികം രൂപ ചെലവഴിച്ചത് ഈ മേഖലയിലെ
പ്രവർത്തനമായി വിലയിരുത്തുന്നു. ലൈഫ് ഭവന പദ്ധതിയുടെ വിവിധ ഘട്ടങ്ങളി
ഗുണഭോക്താക്കളിൽ 20 പേർ ഒഴികെയുള്ളവർ ഗൃഹനിർമ്മാണം പൂർത്തിയാക്കി.

. പട്ടിജാതി-പട്ടികവർഗ വികസന മേഖലയിൽ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ
സ്കോളർഷിപ്പ്, പഠനോപകരണങ്ങൾ, ലാപ്ടോപ് എന്നിവ വിതരണം ചെയ്തതും പ
നിർമ്മാണത്തിന് തുക അനുവദിച്ചതും മെച്ചപ്പെട്ട പദ്ധതി പ്രവർത്തനമാണ്. ഇതോടൊ
വിഭാഗത്തിൽപ്പെടുന്നവർക്ക് കുടിവെള്ള സംഭരണത്തിനായി പി.വി.സി ടാങ്കു
വിതരണവും നടന്നിട്ടുണ്ട്.

. അടിസ്ഥാന സൗകര്യ വികസന മേഖലയിൽ 22 ഗ്രാമീണ റോഡുകളുടെ വിവിധ റീച്ചു
റീ-ടാറിംഗ്, കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തി നിർമ്മാണം ഉൾപ്പടെയുള്ള നവീക
ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവ നടപ്പാക്കിയിട്ടുണ്ട്. ടേക്ക് എ
ശുചിമുറി സമുച്ചയ നിർമ്മാണം പുരോഗമിക്കുന്നു.

. ഘടക സ്ഥാപനങ്ങളായ ആരോഗ്യ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം, അങ്കണവാടികളു
സ്കൂളുകളുടെയും നവീകരണം എന്നിവ ഏറ്റെടുത്ത പ്രോജക്കുളിൽ ഉൾപ്പെടുന്നു.

. ആരോഗ്യ ഉപകേന്ദ്ര നിർമ്മാണത്തിന് കോട്ടയം ജില്ലാ നിർമിതി കേന്ദ്രത്തെ നിർ
ഏജൻസിയായി തെരഞ്ഞെടുത്തതിൽ സർക്കാർ വ്യവസ്ഥ പാലിച്ചില്ല.

. പട്ടികജാതി വികസനത്തിന്റെ ഭാഗമായും നിരവധി പ്രോജക്റ്റുകൾ നടപ്പാക്കാൻ കഴിഞ്ഞ വീട് വാസയോഗ്യമാക്കൽ, പഠന മുറി നിർമ്മാണം, സ്കോളർഷിപ്പ്, ലാപ്ടോപ്പ് വിത തുടങ്ങിയവ ഏതാനും ഉദാഹരണങ്ങളാണ്.

. ഉയർന്ന നിരക്കുള്ള ഇനം മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തു പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദ പരാമർശം ഈ റിപ്പോ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.

അപാകതകൾക്ക് വിശദീകരണവും അതോടൊപ്പം പരിഹാര നടപടികളുടെ വിശദാംശ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2024-25 വർഷത്തെ ലേബർ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തി വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തുകയും, തൻവർഷം സാങ്കേതിക അനുമതി 172 പ്രോജക്റ്റുകളിൽ, 123 എണ്ണം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷം തെ കാർഡിനായി അപേക്ഷിച്ച 79 പേർക്കും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. 622338 തൊഴിൽദി സൃഷ്ടിക്കപ്പെട്ടു. 1132 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മണ്ണ്, ജല സംര എന്നിവയ്ക്ക് പ്രാധാന്യം നൽകി മഴക്കുഴി നിർമ്മാണം, സംഘകൃഷി, വാച്ചാലുകളും തോട ആഴം കൂട്ടി വൃത്തിയാക്കൽ, കിണർ റീചാർജ്ജിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏ നടപ്പാക്കി. തൻവർഷം ശരാശരി 55.69 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. MG ക്യാഷ്ബുക്ക് പ്രകാരമുള്ള 2024-2025 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സം ചുവടെ ചേർക്കുന്നു. പ്രസ്തുത വരവ് ചെലവുകൾ വാർഷികകണക്കുകള പൊരുത്തപ്പെടുന്നില്ല.

| വരവ് | | ചെലവ് | |
|---|---|---|---|
| **മുന്നിരിപ്പ്** | **0** | സ്കിൽഡ് ലേബർ (DBT) | 13,03 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 14,55,821 | അൺസ്കിൽഡ് ലേബർ (DBT) | 2,00, |
| പലിശ വരവ് | 3,381 | മെറ്റീരിയൽസ് (DBT) | 41,21 |
| **ആകെ നേരിട്ടുള്ള വരവ്** | **14,59,202** | **ആകെ DBT ചെലവ്** | **2,54,** |
| സ്കിൽഡ് ലേബർ | 13,03,559 | ശമ്പളം, പ്രിന്റിങ്ങ് & സ്റ്റേഷനറി | 13,45 |
| അൺസ്കിൽഡ് ലേബർ | 2,00,26,308 | മറ്റുള്ളവ | 6950 |
| മെറ്റീരിയൽസ് | 41,21,976 | **ആകെ നേരിട്ടുള്ള ചെലവ്** | **1352** |
| **ആകെ DBT വരവ്** | **25451843** | മറ്റ് ചെലവുകൾ (100 ദിന അലവൻസ്) | 0 |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുമുള്ള മുൻകൂർ തുക | 1352788 | തനത് ഫണ്ടിലേക്ക് മുൻകൂർ തിരിച്ചടവ് | 14,59 |
| മറ്റ് വരവുകൾ (100 ദിന അലവൻസ്) | 0 | **നീക്കിയിരിപ്പ്** | 0 |
| **ആകെ** | **28263833/-** | **ആകെ** | **2,82,** |

31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരം 14,06,649/- രൂപ ഭരണച്ചെലവുകൾക്ക് മുൻകൂർ നൽ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മുൻകൂ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാർഷിക ധനകാര്യ പത്രിക പ്രകാ മുന്നിരിപ്പ്, വരവ്-ചെലവ്, നീക്കിയിരിപ്പ് എന്നിവ ക്യാഷ് ബുക്കുമായി വ്യത്യാസപ്പെട്ടിരി വാർഷിക ധനകാര്യ പത്രികയുടെ I-6 ഷെഡ്യൂൾ പ്രകാരം ഇ.എഫ്.എം.എസ് വരവ്/ 2,42,43,919 രൂപയാണെങ്കിലും ക്യാഷ് ബുക്ക് പ്രകാരം ഇത് 2,54,51,843 രൂപയാണ്. വ്യ വിശദീകരിക്കപ്പെട്ടിട്ടില്ല. മാത്രമല്ല ബാലൻസ് ഷീറ്റ് ബി-4 പ്രകാരം 5616/- രൂ നീക്കിയിരിപ്പെങ്കിലും പാസ്സ് ബുക്ക്, ബി-17 ഷെഡ്യൂളുകൾ എന്നിവ പ്രകാരം നീക്കിയിരിപ്പി വർഷ ബാലൻസ് ഷീറ്റിലും പ്രസ്തുത വ്യത്യാസം നിലനിന്നിരുന്നതായി കാണുന്നു. അപാ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-7 സാമൂഹ്യ സുരക്ഷ പദ്ധതികൾ

2024-25 വർഷം ക്ഷേമ പദ്ധതികൾക്കും പെൻഷനുമായി 3.5 കോടി രൂപ ചെലവഴിച്ച
സാമൂഹ്യ സുരക്ഷ പെൻഷൻ ഇനം, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം പ
പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളു എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,440/- | 1 |
| വാർദ്ധക്യകാലപെൻഷൻ | 30,942,200/- | 2148 |
| കർഷകതൊഴിലാളി പെൻഷൻ | 2,879,600/- | 166 |
| വിധവാപെൻഷൻ | 11,578,400/- | 749 |
| 50 വയസിലധികം പ്രായമുള്ള വനിതകൾക്ക് അവിവാഹിത പെൻഷൻ | 523,200/- | 35 |
| വികലാംഗപെൻഷൻ | 4,017,700/- | 248 |
| വിവാഹ ധനസഹായം | 30,000/- | 1 |
| **ആകെ** | **49,972,540/-** | **3347** |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാ
പരിശോധന മണിമല ഗ്രാമപഞ്ചായത്തിന്റെ 2024-25 ധനകാര്യ പത്രികയുടെ ഓഡിറ്
ഭാഗമായി 15.12.2025 തീയതിയിൽ 3.00 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യ
നടത്തുകയുണ്ടായി. പരിശോധനയിൽ 627/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9-1 കെ-സ്മാർട്ട് അവലോകനം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ഇൻഫർമേഷൻ കേരളാ (ഐകെഎം) രൂപകൽപ്പന ചെയ്ത ഓൺലൈൻ പ്ലാറ്റ്ഫോമാണ് കെ-സ്മാർട്ട്. കെ-സ്മാർ പ്രവർത്തനങ്ങൾ 2025 ഏപ്രിൽ 1 മുതൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നട .കേരളത്തിലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2024 ജനുവരി 1 നടപ്പിലാക്കിയ കെ-സ്മാർട്ടിന്റെ സേവനങ്ങൾ 2025 ഏപ്രിൽ 1 മുതൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും ലഭ്യമാക്കിയതോടെ 87 മുനിസിപ്പാലിറ്റികൾക്കും കോർപറേഷനുകൾക്കുമൊപ്പം 941 ഗ്രാമ പഞ്ചായത്തുകളിലും, 152 ബ്ലോക്ക് പഞ്ചായത്തുക 14 ജില്ല പഞ്ചായത്തുകളിലും കെ-സ്മാർട്ടിന്റെ സേവനങ്ങൾ ലഭ്യമായിത്തുടങ്ങി. സംസ്ഥാ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സേവനങ്ങൾ സമയബന്ധി ഓഫീസുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്കു ലഭ്യമാകുന്നതിനായുള്ള ഓൺ സേവനമാണ് കെ-സ്മാർട്ട്. കെ-സ്മാർട്ട് ആപ്ലിക്കേഷനിലൂടെ വിവിധ സേവനങ്ങൾക്ക അപേക്ഷകളും പരാതികളും ഓൺലൈനായി സമർപ്പിക്കാനും അവയുടെ ഓൺലൈനായി തന്നെ അറിയാനും സാധിക്കുന്നു. കൂടാതെ അപേക്ഷകളും പരാത കൈപ്പറ്റിയതിന്റെ രസീത് പരാതിക്കാരന്റെ അല്ലെങ്കിൽ അപേക്ഷകന്റെ വാട്ട്സ്ആപ്പിലെ മെയിലിലും ഇന്റഗ്രേറ്റഡ് മെസേജിംഗ് സംവിധാനത്തിലൂടെ അയച്ച് കൊടുക്കുകയും ചെ കെ-സ്മാർട്ടിലൂടെ, തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെ സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച്, ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങ ഓൺലൈനായി ലഭ്യമാക്കുന്നു. വെബ് പോർട്ടലിൽ സ്വന്തം ലോഗിൻ ഉപയോഗിച്ച് മൊഡ്യൂളുകളിലെത്തി ആവശ്യമായ വിവരങ്ങൾ നൽകി സേവനം ലഭ്യമാക്കാം. കൂടാതെ ഫോൺ ആപ്ലിക്കേഷനിൽ ഫോൺ നമ്പറും OTP- യും നൽകിയും ലോഗ് ഇൻ ചെയ്യാം. ചെയിൻ, നിർമ്മിത ബുദ്ധി, ജി.ഐ.എസ്/സ്പെഷ്യൽ ഡേറ്റ, ചാറ്റ് ബോട്ട്, മെസേജ് ഇന്റഗ്രേ ക്ലൗഡ് കമ്പ്യൂട്ടിംഗ്, വിവിധ സോഫ്റ്റ് വെയറുകൾ തമ്മിലുള്ള എ.പി.ഐ ഇന്റഗ്രേഷൻ സാങ്കേതിക വിദ്യകളെ ഏകോപിപ്പിച്ചുകൊണ്ടാണ് കെ-സ്മാർട്ട് പ്രവർത്തിക്കുന്നത്.

ആദ്യ ഘട്ടത്തിൽ സിവിൽ രജിസ്ട്രേഷൻ (ജനന -മരണ വിവാഹ രജിസ്ട്രേഷൻ), ബിസ ഫെസിലിറ്റേഷൻ (വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസുകൾ),

നികുതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ് സിസ്റ്റം, ഫിനാൻസ് മൊഡ്യൂൾ, ബിൽ
പെർമിഷൻ മൊഡ്യൂൾ, പൊതുജന പരാതി പരിഹാരം തുടങ്ങിയ സേവനങ്ങളായിരിക്കു
സ്മാർട്ടിലൂടെ ലഭ്യമാവുക. ലോഗിൻ ഐഡി ഉപയോഗിച്ച് വീഡിയോ കെവൈ
പൂർത്തിയാക്കുന്നതോടെ വിവാഹ രജിസ്ട്രേഷൻ ഉൾപ്പടെയുള്ള കാര്യങ്ങൾ വിദേശത്ത
തന്നെ ചെയ്യാൻ സാധിക്കും. കെ- സ്മാർട്ട് മൊബൈൽ ആപ്പിലുടെയും വെബ് പോർട്ടലിലു
ഈ സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാകും. ജീവനക്കാർക്ക് തുടക്ക
ശരിയായ പരിശീലനം കിട്ടാത്തതിനാലുണ്ടായ ബുദ്ധിമുട്ട് ഒഴിച്ചാൽ നിലവിൽ നല്ല രീത
കെ-സ്മാർട്ടിനെ പഞ്ചായത്ത് പ്രയോജനപ്പെടുത്തി വരുന്നു. തൊഴിൽ നികുതി അടക
ഏതാനും മൊഡ്യൂളുകൾ കൂടി നിലവിൽ ആക്റ്റീവ് ആകാൻ അവശേഷിക്കുന്നുണ്ട്. ആ
ആകാൻ അവശേഷിക്കുന്ന മൊഡ്യൂളുകളിലെ ഇടപാടുകളുമായി ബന്ധപ്പെട്ട് പൊതുജന
പഞ്ചായത്തിൽ എത്തേണ്ട സാഹചര്യം നിലവിലുണ്ട്. ഈ മൊഡ്യൂളുകൾ കൂടി ആ
ആകുന്നതോടെ മാത്രമേ K-സ്മാർട്ട് അതിന്റെ പ്രാഥമിക ലക്ഷ്യം കൈവരിക്കുകയുള്ളു.
നെ അപേക്ഷിച്ച് കൂടുതൽ യൂസർ ഫ്രണ്ട്ലി സോഫ്റ്റ്വെയറാണെന്നുള്ളതും ആധാർ ബെ
ലോഗിൻ സിസ്റ്റമായതിനാൽ കൂടുതൽ സുരക്ഷിതമാണെന്നുള്ളതും K സ്മാർട്ടിന്റെ എ
പറയേണ്ട മേന്മകളാണ്. വസ്തുനികുതി ഡേറ്റാബേസിനെ പ്രത്യേക മൊഡ്യൂളാക്കി കെ-സ്മ
ഉൾപ്പെടുത്തി ഡേറ്റാ കൈകാര്യം ചെയ്യുന്നത് ഈ വിഷയത്തിലെ നടപടികൾ സുതാര്യമ
കെട്ടിട നമ്പർ, അനുബന്ധ ഡേറ്റ എന്നിവ മറ്റുള്ള നികുതി നികുതിയേതര ഇനങ്ങളായ തെ
നികുതി, വാടക, ലൈസൻസ് വരവുകളുടെ ഡേറ്റയുമായി ബന്ധിപ്പിക്കാവുന്നതും കെട്ടിട
വിവിധ കാലയളവുകളിൽ വരുത്തുന്ന രൂപ മാറ്റം/അധിക നിർമ്മാണം (ഉദാ. പ
നിർമ്മാണം പോലുള്ളവ) ഡേറ്റാ ബേസിൽ പ്രതിഫലിക്കുന്ന രീതിയിൽ ഡേറ്റാ ബേസ് Sta
Updation ആകുന്ന രീതിയിൽ മൊഡ്യൂളിൽ ക്രമീകരണം വരുത്താവുന്നതുമാണ്. അപാക
പരിഹരിക്കപ്പെട്ട് പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്ന
തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും, സുതാ
വേഗത്തിലുമാക്കുന്നതോടൊപ്പം പൊതുജനങ്ങൾക്കും ഏറെ ഗുണകരവും ഫലപ്രദവുമ
സംവിധാനമെന്ന നിലയിൽ നിലവിൽ അഭിമുഖീകരിക്കുന്ന അപാകതകളും, ജീവന

പൊതുജനങ്ങളും നേരിടുന്ന ബുദ്ധിമുട്ടുകളും കണ്ടെത്തി IKM-ൽ റിപ്പോർട്ട് ചെയ്ത്
പരിഹരിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാ

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പതിനഞ്ചംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന പട്ടികയിൽ പരാമർശിയ്ക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| സെക്രട്ടറി | 01 |
| അസി. സെക്രട്ടറി | 01 |
| ഹെഡ് ക്ലാർക്ക് | 01 |
| ഹെഡ് അക്കൗണ്ടന്റ് | 01 |
| സീനിയർക്ലാർക്ക് | 03 |
| ക്ലാർക്ക് | 05 |
| ഓഫീസ് അറ്റന്റന്റ് | 02 |
| ഡ്രൈവർ | 01 |
| ഫുൾ ടൈം സ്വീപ്പർ | Vacant |
| പാർട് ടൈം ലൈബ്രേറിയൻ ഗ്രേഡ് | 01 |

ഇതോടൊപ്പം കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമിയ്ക്കപ്പെട്ട ടെക്ന അസിസ്റ്റന്റ്, പ്രോജക്ട് അസിസ്റ്റന്റ്, ഫുൾടൈം സ്വീപ്പർ, ദേശീയ തൊഴിലുറപ്പു പദ്ധത ഏകോപനത്തിന് നിയമിതരായ ജീവനക്കാർ, സാക്ഷരതാ പ്രേരക് (രണ്ടുപേർ), എന്ന സേവനം അനുഷ്ഠിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തി ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ വിവിധ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയ ഇത്തരത്തിൽ വിവിധ സന്ദർഭങ്ങളിലായി തൻവർഷം 08 ഓഫീസ് ഉത്തര പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറുമ്പോഴും പുത ചുമതലയേൽക്കുമ്പോഴുമുള്ള സെക്ഷൻ ചുമതലാ കൈമാറ്റത്തിനുപരി ഗ്രാമപഞ്ചായത്തിന്റെ വൈവിധ്യമേറിയ പ്രവർത്തനമേഖലയും ചുമതല അടിസ്ഥാനപ്പെടുത്തി സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് സമീപ കാലത്ത പുറപ്പെടുവിച്ചിട്ടില്ല.
2. മിനിട്ട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, പ്രത്യേക ഉദ്ദേശ്യ ഗ്രാന് KURDFC വായ്പ രജിസ്റ്റർ, മൂൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ തുടങ്ങിയവയുടെ സൂ തൃപ്തികരമാണ്. എന്നാൽ നിക്ഷേപ രജിസ്റ്ററിലെ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ച ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടികളായില്ല.
3. കണ്ടിജന്റ് വൗച്ചറുകൾ, അനുബന്ധ രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തിക എന്നാൽ തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഗണ്യമാ ചെലവഴിച്ച് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവയിൽ കാലികമായി രേഖപ്പെടുത്ത വരുത്തി സമഗ്രമാക്കുന്നില്ല,
4. അതത് മാസങ്ങളിലെ വരവു -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കു ബജറ്റ് , ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കെ സോഫ്റ്റ് വെയറിൽ പ്രത്യേക മൊഡ്യൂൾ സജ്ജമാകാത്തതിനാൽ വിവിധ അക്കൗണ്ടും പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ 2025 മാർച്ചിനുശേഷം നടത്തിയിട്ടില്ല.
5. വാർഷിക ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓ സമർപ്പിച്ചിട്ടുണ്ടെങ്കിലും അത് ക്രോഡീകരിച്ചതിൽ ചില അപാകതകൾ സംഭവിച്ചിട്ടു വിഷയത്തിലെ വിശദ പരാമർശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് ക
6. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു.
7. തനതു വരുമാനസ്രോതസുകൾ സമയബന്ധിതമായി പിരിച്ചെടുക്കുവാൻ വിവിധ ഓ ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ടാർഗറ്റ് നിശ്ചയിച്ച് ശ്രമം നടന്നിട്ടുണ്ട്. പിരിവ് ശ

95.2%.

8. കെട്ടിടങ്ങൾ വസ്തു നികുതിയിൽനിന്ന് ഒഴിവാകുക, തെറ്റായി നികുതി നിർണയി നികുതി നിർണയത്തിനുശേഷം ഉപയോഗക്രമം മാറ്റുക, അനധികൃത നിർമ്മാണം നട ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്യുന്ന എല്ലാ വിഭാഗങ്ങളെയും തൊഴിൽനി പരിധിയിൽ കൊണ്ടു വരാതിരിക്കുക, തുടങ്ങിയ സാഹചര്യങ്ങളിലൂടെ വരുമാന സംഭവിച്ചു.

9. വാഹനത്തിന്റെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നു. ലോഗ് ബുക്കിൽ യാത്രയുടെ വിവ അവയുടെ സാക്ഷ്യപ്പെടുത്തൽ, ഇന്ധനം നിറയ്ക്കൽ, ഉപഭോഗം , പ്രതിമാസ ക്ലോ അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തിയിട്ടുണ്ട്.

10. കെ-സ്മാർട്ടിലൂടെയുള്ള ഭരണ നിർവഹണത്തിൽ പുരോഗതിയുണ്ട്. എന്നാൽ കൂ മൊഡ്യൂളുകൾ ഉൾപ്പെടുത്താത്തതും കാഷ് ബുക്ക്- ബാങ്ക് അ പൊരുത്തപ്പെടുത്തലുകൾക്ക് സംവിധാനം ഒരുക്കാത്തതും കണക്കുകളുടെ സുതാര്യത വരുത്തുന്നതിന് പരിമിതി നേരിടുന്നതിന് കാരണമാകുന്നു.

11. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കു യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

12. വാർഷിക പദ്ധതിക്കായി ലഭിച്ച സർക്കാർ ഗ്രാന്റുകളിൽ ആസ്തി പരിപാലന ഒഴികെയുള്ള ഫണ്ടുകളുടെ നിശ്ചിത ശതമാനം സമയബന്ധിതമായി ചെലവഴ് കഴിഞ്ഞിട്ടുണ്ട്. ആസ്തി പരിപാലന ഗ്രാന്റ് റോഡ്, റോഡിതര ഫണ്ടിനങ്ങളിൽ 32.26 രൂപയുടെ ഷോർട്ട് ഫോൾ സംഭവിച്ചു.

13. വാർഷിക പദ്ധതിയിൽ ആവിഷ്ക്കരിച്ച പ്രോജക്ടുകൾ പലതും നടപ്പാക്കാൻ കഴിയാതി തുടർന്നുള്ള വർഷത്തെ ഫണ്ട് വകയിരുത്തൽ സങ്കീർണമാക്കുന്നു. ആസൂത്രണം ചെയ്ത നടപ്പാക്കിയവ-157

14. മാലിന്യസംസ്ക്കരണം ഹരിതകർമസേന മുഖേന നടപ്പാക്കി വരുന്നു. മാലിന്യ നീക്കത്ത് തൻവർഷം ഒരു വാഹനം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുണ്ട്.

15. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തിം പെൻഷൻ റദ്ദു ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീ അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ്തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/11/2022 | 01/2022 മുതൽ 03/2022 വരെ | 16/11/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12/05/2016 | 2011-2012 മുതൽ 2015-2016 വരെ | LBA(HQ)I/8A-2427 12.05.2016 |

പഞ്ചായത്ത് വകുപ്പ് തലത്തിലുള്ള ഇന്റേണൽ ഓഡിറ്റായ പെർഫോമൻസ് ഓഡിറ്റ് സ( നിർത്തലാക്കിയതിനാൽ, 2021-2022 സാമ്പത്തിക വർഷ കാലയളവിന് ശേഷമുള്ള പെർഫോ ഓഡിറ്റ് നടന്നിട്ടില്ല.

## 1-11 അക്കൗണ്ട് സൂക്ഷിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലേഷൻ സ്റ്റേ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ, ധനകാര്യപത്രികയുടെ RP-40(B) ഷെഡ്യൂൾ പ്ര "Natioalised Bank Account Of Own Revenue Fund"എന്ന പേരിൽ നിലനിർത്തിയിട്ടുള്ള അക്കൗണ്ടിൽ രൂപ ബാലൻസ് നിലനിൽക്കുന്നു. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ വ്യക്തമല്ല.

2.ഗ്രാമപഞ്ചായത്തിലെ തനതു ഫണ്ട് അക്കൗണ്ടായ എസ്.ബി.ഐ അക്കൗണ്ട് നം.6738229589 31.03.2025 ലെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത

അക്കൗണ്ടിലേക്ക് ലഭിക്കേണ്ട തുകകകകൾ ദീർഘകാലമായി Cheque Deposited But Not Clearec ശീർഷകത്തിൽ ഉൾപ്പെടുത്തി വരുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന

| ക്രമ നം. | വൗച്ചർ നം./തീയതി | തുക |
|---|---|---|
| 1 | 119080500009/24-08-2019 | 7,000 |
| 2 | 1220201983/27-03-2023 | 222 |
| 3 | 119080400001/23-09-2019 | 3,870 |
| 4 | 119080400002/17-09-2019 | 1250 |
| 5 | 119080500008/21-08-2019 | 1250 |
| | ആകെ | 13592 |

മേൽ പരാമർശിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻകയറിക്കു(01/18.12.2025) ക്രമ നമ്പർ 1 പ്രകാരമുള്ള അപാകത സോഫ്റ്റ് വെയർ ത കാരണമാണെന്നും തുടർ വർഷം പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ക്രമ ന പ്രകാരമുള്ള തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുള്ളതാണെന്നും റിക്കൺസിലിയേ സംഭവിച്ച പിഴവാണെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിശദാം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-12 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 (1)(ബി) വകുപ്പിന് 2023-ൽ വരു ഭേദഗതിയനുസരിച്ച്, (നിയമനിർമ്മാണ (എ) വകുപ്പിന്റെ 28.03.2023-ലെ 15(2)/ലെഗ്.എ2/2023 വിജ്ഞാപനം) "കേന്ദ്ര സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര സർക്കാരിന്റെയോ, സം സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളും" എന്ന വിഭാഗത്തിൽ കെട്ടിടങ്ങളെയാണ് വസ്തുനികുതിയിൽനിന്ന് ഒഴിവാക്കാവുന്നത്. എന്നാൽ ഗ്രാമ പഞ്ചായ

പ്രവർത്തിക്കുന്ന **“സി.സി.എം ഇംഗ്ളീഷ് മീഡിയം സ്കൂൾ”** എന്ന സ്ഥാപനത്തിന്റെ നികുതി നിർണ്ണയിച്ചതായി സഞ്ചയ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ന തീ.20.12.2025) സ്കൂൾ കെട്ടിടം പരിശോധിച്ച് നികുതി ഈടാക്കി വിവരം അറിയിക്കുന്നതാ മറുപടി ലഭ്യമാക്കി. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13 വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് ത വ്യത്യസ്ത രീതിയിൽ പരിഗണിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാ ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്ത അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്ര മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് 20 % നികുതി വർദ്ധനവ്, 1.5 മീറ്ററോ അതിൽ കുറവോ സൗകര്യമുള്ള കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ് ,പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടി 20 % നികുതി ഇളവ്', എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതി റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന് പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചേർക്കുന്നു.

| റോഡിന്റെ പേര് | കെട്ടിട നമ്പർ | ഉടമസ്ഥൻ | പ്രസ്തുത റോഡ് വസ്തു നി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന (ഫോം- 6 പ്രകാരം) |
|---|---|---|---|

| | | | |
|---|---|---|---|
| കറിക്കാട്ടൂർ സെന്റർ | 4/105 C | റിച്ചാർഡ് | 1.5 മീറ്ററോ അതിൽ കുറവ് |
| | 4/63/B | ഷീൻ ജോസ് | 5 മീറ്ററോ അതിൽ കൂടുതൽ |
| കറിക്കാട്ടൂർ സെന്റർ ചാരുവേലി | 4/289/C | വിഷ്ണു വിജയൻ | 1.5 മീറ്ററിൽ കൂടുതൽ |
| | 5/288/B | ത്രേസ്യാമ്മ ചാക്കോ | 5 മീറ്ററോ അതിൽ കൂടുതൽ |
| പൊന്തൻപുഴ ചുങ്കപ്പാറ റോഡ് | 11/80/A | മുഹമ്മദ് നിയാസ് കെ എ | 5 മീറ്ററോ അതിൽ കൂടുതൽ |
| | 11/111/A | സലിം | 1.5 മീറ്ററിൽ കൂടുതൽ |

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എ എൻക്വയറിക്ക് (നം 14 /20.12.25) മറുപടിയായി ഫീൽഡ് പരിശോധന നടത്തി നി പുനർനിർണ്ണയം ആവശ്യമെങ്കിൽ ആയത് പൂർത്തീകരിച്ച് വിവരം ഓഡ ലഭ്യമാക്കുന്നതാണെന്നു മറുപടി ലഭ്യമാക്കി. മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും വസ്തു നികുതി നിർണ്ണയിച്ച അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ല ഉറപ്പുവരുത്തേണ്ടതുമാണ്.

## <u>1-14 ചട്ട വിരുദ്ധമായി വിവിധ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകി</u>

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്ക തലം വരെയുള്ള വിദ്യാലയങ്ങളും അനുബന്ധ ഹോസ്റ്റലുകളും, സൗജന്യ ചികിത്സ ലഭി ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങ വക കെട്ടിടങ്ങൾ, അറുപത് ച.മീ കുറവുള്ള വാസ ഗൃഹങ്ങൾ, സർക്കാർ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസഗൃഹങ്ങൾ

ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. എ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങ ഗണത്തിൽ ഉൾപ്പെടുത്തി നികുതിയിളവു നൽകിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ആവശ്യം | ഉടമസ്ഥൻ |
|---|---|---|---|---|
| 1 | 9/65 | 30 ച. മീ | വാണിജ്യം | മണിമല സർവ്വീസ് സഹ ബാങ്ക് |
| 2 | 9/225 D | 50 ച. മീ | വാണിജ്യം | ഫോറസ്റ്റ് റെയിഞ്ചാപ പ്ലാച്ചേരി |
| 3 | 10/368 | 5 ച. മീ | വാണിജ്യം | സൂര്യ ആർട്ട്സ് & സ്പോർട്ട്സ് |
| 4 | 1/597 | 12 ച. മീ | വാണിജ്യം | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് |
| 5 | 1/598 | 12 ച. മീ | വാണിജ്യം | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകപ (നം.14/20.12.2025) അപാകത പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് വിവരം റി ചെയ്യുന്നതാണെന്നു മറുപടി ലഭ്യമാക്കി . ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം ന തുടർ നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-15 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

മണിമല ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ ( തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | സെന്റ് ജോൺസ് ഡെന്റൽ ക്ളിനിക് | 1,2 |

| | | |
|---|---|---|
| 2 | സെവൻ സ്റ്റാർ ഗ്രാനൈറ്റ്സ് | 1,2 |
| 3 | ട്രാൻകപിൽഫാംസ് | 1,2 |
| 4 | റബ്ബർ ബോർഡ് ഫീൽഡ് ഓഫീസ് | 1,2 |

കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാ തൊഴിൽ നികുതി ചുമത്തുന്നില്ലായെന്നും വ്യക്തമായിട്ടുണ്ട്. പ്രസ്തുത അപാകം വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു (02/18. മറുപടിയായി മേൽ പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നി ഈടാക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണെന്നും കരാറുകാരുടെ തൊഴിൽ നി ഈടാക്കുവാൻ കത്ത് നൽകിയിരുന്നെങ്കിലും ഇതുവരെ ഒടുക്കിയിട്ടില്ലായെന്നും അറിയിച്ച ജീവനക്കാരുടെയും കരാറുകാരുടെയും തൊഴിൽ നികുതി, അതത് വർഷങ്ങളിൽ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട അക്രുവൽ ചെയ്യാത്ത നികുതി വരുമാനമാണ്. ജീവനക്ക സ്ഥലംമാറ്റം ഉൾപ്പടെയുള്ള സാഹചര്യങ്ങൾ ഉള്ളതിനാൽ അവരുടെ തൊഴിൽ നികുതി ഡി ചെയ്യാതെയും സമയബന്ധിതമായി പഞ്ചായത്തിൽ ഒടുക്കാതെയും തുടരുന്നത് പഞ്ചാ തനത് ഫണ്ടിന് നികുതി ഇനത്തിൽ നഷ്ടത്തിന് ഇടയാക്കുന്നു. 2024-25 വർഷ കുടിശ്ശികയായുള്ള തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷത്തിൽ Prior Period Profes റവന്യൂ ശീർഷകത്തിൽ അടവാക്കി രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## <u>1-16 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ</u>

ഗ്രാമപഞ്ചായത്തിന്റെ IFTE&OS ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചേർത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.**ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല** – ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്ര ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ- വ്യ സംരംഭക സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നു ഫലപ്ര

പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈ( പുതുക്കി നൽകുക എന്ന രീതിയാണ് സ്വീകരിച്ചു വരുന്നത്. വാർഡ് അടിസ്ഥാനത്തിൽ ( ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233, 234 വകുപ്പുകൾ, 1996-ലെ കേരള പഞ്ച രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങ മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ചട്ടങ്ങ അനുബന്ധമായുള്ള 1-ാം പട്ടികയിൽ പരാർശിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രസിഡന്റ് നൽ ലൈസൻസ് അനിവാര്യമാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2024-25 ( ലൈസൻസ് പുതുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം | കെട്ടിട നം | സ്ഥാപനം |
|---|---|---|
| 1 | 1/463 | സെന്റ് ജോർജ്ജ് ബേക്കറി |
| 2 | 1/569 | കരിമ്പിൽ സൂപ്പർമാർട്ട് |
| 3 | 1/447 | ഞള്ളിയിൽ ഫ്ലവർ മിൽ |
| 4 | 1/30,31 | കറിക്കാട്ടുർ ട്രേഡേഴ്സ് |
| 5 | 1/475 | മടത്തിൽ കമ്മ്യൂണിക്കേഷൻസ് |
| 6 | 1/465 | വില്ലംച്ചിറ സൈക്കിൾസ് |
| 7 | - | കപാറി ഓഫ് ജോസി |
| 8 | 4/470/D | സാഗർ ഫ്ലക്സി ഹബ് |
| 9 | 4/454/A | കോട്ടമണ്ണിൽ റബ്ബേഴ്സ് |
| 10 | 5/247/A | മേരി കപീൻസ് ഓഫ് സെറ്റ് പ്രസ്സ് |
| 11 | 6/20A | ബോംബെ ഡ്രസ്സസ്സ് |
| 12 | 6/65 | സ്റ്റുഡിയോ മുക്കട |
| 13 | 6/194,193 | റേഷൻ കട |

| | | |
|---|---|---|
| 14 | 6/380A | അന്നപൂർണ്ണ ജനറൽ സ്റ്റോഴ്സ് |
| 15 | 6/102E | കിംഗ് ബേക്കറി |
| 16 | 8/14 | ആൽഫ റെഡിമെയ്ഡ് |
| 17 | 9/222G | കാസാ ഡെക്കർ & ഇന്റീരിയർ |
| 18 | 9/222A | ചെമ്പകത്തിനാൽ പ്ളബിംഗ് |
| 19 | 9/167A | അളിയൻസ് ഹോട്ടൽ |
| 20 | 9/222E | സഹകാർ മെഡിക്കൽസ് |
| 21 | 9/158B | എം ആർ ടെക്സ്റ്റൈൽസ് |
| 22 | 11/53 | പി കെ എൽ ഇൻഡസ്ട്രീസ് |
| 23 | 15/239B | റെയ്മ സ്റ്റോഴ്സ് |

കൂടാതെ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വരുമാനത്തിനനുസൃതമായുള്ള തൊഴിൽ നി ഈടാക്കിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

3.ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നയാര പെട്രോൾ പമ്പ് ലൈ പരിധിയിലുൾപ്പെട്ടതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കു (04/19.12.2025) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസി ല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് IFTE&OS ലൈസൻസ് ചട്ട ലംഘനത്തിനും, 199 കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളുടെ ലംഘനത്തിനും തനത് നി നികുതിയേതര വരുമാന നഷ്ടത്തിനും ഇടയാക്കുന്നതാണ്. ലൈസൻസില്ലാതെ പ്രവർത്ത് സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി ലൈ പരിധിയിലുൾപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് വർഷം ഡിമാന്റിൽ ഉൾപ്പെ വ്യാപാരികൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും തുടർ വർഷം അവർ ലൈ പരിധിയിൽനിന്ന് ഒഴിവാകുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്. 2024-25 കാലയള

ലൈസൻസ് ഫീസും തൊഴിൽ നികുതിയും Prior Period ആയി കുടിശിക ഡിമാന്ററായി അം ചെയ്ത് Receivable ആയി മാറ്റിയ ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് അടയ്ക്കേണ്ടതുമാണ്. ധന സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ മേൽ വിഷയ ഉണ്ടാകേണ്ടതാണ്.

## 1-17 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കുകയോ പുതുക്കുകയോ ചെയ്യാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില പാരാമെഡിക്കൽ സ്ഥാപനങ്ങൾ 1997 ലെ പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡ സ്ഥാപനങ്ങളുടേയും രജിസ്ട്രഷൻ) ചട്ടങ്ങൾ ചട്ടം 3 , ചട്ടം 4 എന്നിവ പ്രകാരം രജിസ് എടുക്കുകയോ പുതുക്കുകയോ ചെയ്തിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചേർക്കുന്നു.

1.ആൽഫാ ലബോറട്ടറി

2.പ്രിൻസ് ഹോമിയോ ഡിസ്പെൻസറി

3.മിത്ര കെയർ ക്ളിനിക്

4. സെറാസ് ഫിസിയോ തെറാപ്പി സെന്റർ

ടി സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ വിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 03/ 19.12.25) മറുപടി ലഭ്യമായില്ല. ചട്ട പ്രകാരം പഞ്ചായത്ത് പ്രദേശത്ത് മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു പാരാമെഡ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനം അടുത്ത സാമ്പ വർഷം ആരംഭിക്കുന്നതിന് മുൻപായി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. പഞ്ച പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കു പുതുക്കുകയോ ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 മൂലധനനിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സം പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ G.O(P) 80/2017 നമ്പർ ഉത്തരവു പ്ര പുറപ്പെടുവിച്ചത്) ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്ക്കർഷിക്കുകയും പട്ടിക ലൈസൻസ് ഫീസ് തുകകളിൽ മാറ്റം വരുത്തുകയും ചെയ്തു. എന്നാൽ ചുവടെ ചേർത്തിര വ്യാപാരികളിൽ നിന്നും മൂലധനനിക്ഷേപത്തിനനുസൃതമായുള്ള ലൈസൻസ് ഈടാക്കിട്ടില്ല.

| സ്ഥാപനം | മൂലധന നിക്ഷേപം | മേഖല | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫ |
|---|---|---|---|---|
| നരിതുക്കിൽ റബ്ബേഴ്സ് | 40 ലക്ഷം | സേവനം | 1000 | 500 Rt No- 124 23/05/2024 |
| താരാ ഫേബ്രിക് സിഗ്നേച്ചർ സ്റ്റോർ | 15 ലക്ഷം | സേവനം | 1000 | 500 Rt No. 124 08/05/2024 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക തീ.19.12.2025)മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്ത് പ സംഭവിച്ച നഷ്ടം യഥാവിധി ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 മണിമല എഫ് എച്ച് സി, കറിക്കാട്ടൂർ പി.എച്ച്.സി സബ് സെന്ററുകളിലെ ലേലം - സീനിയറേജ് ചാർജ് അടവാക്കിയില്ല.

മണിമല,എഫ്.എച്ച.സി, കറിക്കാട്ടൂർ സബ്സെന്റർ എന്നിവയുടെ കെട്ടിടനിർമ്മാണവ ബന്ധപ്പെട്ട് യഥാക്രമം 310.068m$^3$, 232.95 M$^3$ അളവിൽ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ലേലാവ ഒരു മെട്രിക് ടണിനു 102/- എന്ന നിരക്കിൽ ശ്രീ.ജെബി സെബാസ്റ്റ്യനു ലഭിച്ചിട്ടുള്ളതും 1

ഉൾപ്പെടെയുള്ള തുക പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതുമാണ്. എന്നാൽ കാഞ്ഞിര തഹസിൽദാർ(ഭൂരേഖ), നീക്കം ചെയ്യുന്ന മണ്ണിനു സീനിയറേജ് ചാർജ് ഇനത്തിൽ ഒരു ട ടണ്ണിനു 50/- രൂപ നിരക്കിൽ റവന്യു വകുപ്പിലേക്ക് തുക അടവാക്കണമെന്നു നി നൽകിയിരുന്നെങ്കിലും പ്രസ്തുത തുക അടവാക്കിയതായി ഫയൽ പരിശോധ വ്യക്തമായില്ല. ആയതിനു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വ (5/19.12.2025) മറുപടിയായി സീനിയറേജ് തുക അടവാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നു സെക്രട്ടറി വിശദീകരണം നൽകി. പ്രസ്തുത തുക റവന്യു വകുപ്പ് അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-20 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയ

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ച ളണശീർഷക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണ എന്നിവരിൽ നിന്ന് സ്വീകരിച്ച നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, വാടക നി തുടങ്ങിയ ഇനങ്ങളിലായി 2016-17 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യ പത്രി ഉൾപ്പെട്ടിരിക്കുന്നത്.

| ഇനം | തുക | അഭിപ്രായക്കുറി പ്പു കൾ |
|---|---|---|
| വിതരണക്കാരുടെ നിരതദ്രവ്യം | 86802/- | 31.03.2022- വരെ നിക്ഷേപിച്ച തുക |
| ലേലക്കാരുടെ നിരതദ്രവ്യം | 6200/- | |
| കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപം | 1000/- | |

| | |
|---|---|
| വിതരണക്കാരുടെ സെക്യൂരിറ്റി നിക്ഷേപം | 33245/- |
| കരാറുകാരുടെ റീടെൻഷൻ | 63793/- |
| ഇലക്ഷൻ ഡെപ്പോസിറ്റ് | 47500/- |
| വാടക നിക്ഷേപം | 200500/- |
| ആകെ | 439040/- |

2022 മാർച്ച് 31-നു മുൻപ് നിക്ഷേപിക്കപ്പെട്ടതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ള തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്തു ഫണ്ട് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപ സ്വീകരിക്കേണ്ടതാണ്. തദനുസരണം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടത

## 1-21 അധിക നിരക്കിൽ സ്കോളർഷിപ്പ് തുക അനുവദിച്ച് നൽകി

**I)** വാർഷിക പദ്ധതിയുടെ ഭാഗമായി, ഐ. സി. ഡി. എസ് സൂപ്പർവൈസർ നിർ ഉദ്യോഗസ്ഥയായി, 'ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. / പേര് | S0073/25<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| <u>അടങ്കൽ</u><br>വികസന ഫണ്ട് (ജനറൽ)<br>ബ്ളോക്ക് വിഹിതം<br>ജില്ലാ പഞ്ചായത്ത് | 800000<br>400000<br><u>400000</u><br>1600000/- |

| | |
|---|---|
| വിഹിതം ആകെ | |
| ഫണ്ട് ചെലവ് | വികസന ഫണ്ട് (ജനറൽ) – 450300<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 370000<br>ജില്ലാ പഞ്ചായത്ത് വിഹിതം – 400000<br>12,20,300/- |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി/ ധനസഹായ മാർഗ്ഗരേഖയുടെ (സ. ഉ. (കൈ 115/2022/തസ്വഭവ/28.05.2022 പ്രകാരം പുറപ്പെടുവിച്ചത്), ഖ. (7.1.6 - ബി) പ്രകാരം, മാ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വർഷത്തിൽ അനുവദിച്ച് നൽക പരമാവധി സ്കോളർഷിപ്പ് തുക 28,500/- രൂപയാണ്.

2024-2025 സാമ്പത്തിക വർഷം, പ്രസ്തുത പദ്ധതിയുടെ ഭാഗമായി, മാനസിക വെല്ലുവിളി നേ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക ചുവടെ ചേർക്കും പ്രകാരം ബന്ധപ്പെട്ട അക്കൗണ്ടിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പ്രോജക്ട് നം. | ഫണ്ട് ഇനം | BRN/ തീയതി | ബാങ്ക് അക്കൗണ്ട് നം. | അനുവ നൽകി സബ്സി തുക (F |
|---|---|---|---|---|---|---|
| 1) | **ദേവ തമ്പുരാൻ** | S0073/ 2025 | വികസന ഫണ്ട് (ജനറൽ) | 24080352032301540195 - 14/03/2025 | SBIN0070117/ 67231097138 | 10,000/ |
| | | S0073/ 2025 | ജില്ലാ പഞ്ചായത്ത് വിഹിതം | 24080352032301626183 - 21/03/2025 | | 18,500/ |

| | | | | | | |
|---|---|---|---|---|---|---|
| | | S0073/ 2025 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 24080352032301157775 - 09/01/2025 | | 10,000/ |
| | അനുവദിച്ച് നൽകിയ ആകെ സ്കോളർഷിപ് തുക | | | | | 38,500/ |
| | **അധികം അനുവദിച്ച തുക** | | | | | **10,000/** |

**II)** വാർഷിക പദ്ധതിയുടെ ഭാഗമായി, ഐ. സി. ഡി. എസ് സൂപ്പർവൈസർ നിർ ഉദ്യോഗസ്ഥനായി, 'ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർ എന്ന സ്പിൽ ഓവർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. / പേര് | S0163/ 2025 (S0135/ 2024)<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (സ്പിൽ ഓവർ) |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 2,92,860/- |
| ചെലവ് | 2,85,800/- |

2023-2024 (പ്രോജക്ട് നം. S0135/ 2024), 2024-2025 സാമ്പത്തിക വർഷങ്ങളിലായി (പ്രോജക്ട് നം 2025) പ്രസ്തുത പദ്ധതിയുടെ ഭാഗമായി, മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ സ്കോളർഷിപ്പ് തുക ചുവടെ ചേർക്കും പ്രകാരം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ അനു നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പ്രോജക്ട് നം. | ഫണ്ട് ഇനം | BRN/ തീയതി | ബാങ്ക് അക്കൗണ്ട് നം. | അനു നൽ സബ് തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1) | അനൂപ് ഷാജി | S0135/ 2024 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 23080352032300676050 - 18/10/2023 | SIBL0000705/ 0705053000001982 | 600 |
| | | S0135/ 2024 | ജില്ലാ പഞ്ചായത്ത് വിഹിതം | 23080352032300977046 - 23/12/2023 | | 336 |
| | | S0135/ 2024 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 23080352032301038333 - 08/01/2024 | | 430 |
| | | S0135/ 2024 | വികസന ഫണ്ട് (ജനറൽ) | 23080352032300820984 - 21/11/2023 | | 100( |
| | | S0163/ 2025 (S0135/ 2024) | വികസന ഫണ്ട് (ജനറൽ) | 24080352032300163691 - 15/05/2024 | | 500 |
| | | S0163/ 2025 (S0135/ 2024) | വികസന ഫണ്ട് (ജനറൽ) | 24080352032300163703 - 15/05/2024 | | 483 |
| | അനുവദിച്ച് നൽകിയ ആകെ തുക | | | | | 33,5( |
| | **അനുവദിച്ച് നൽകിയ അധിക തുക** | | | | | **5,0(** |

| | | | | | | |
|---|---|---|---|---|---|---|
| 2) | കാർത്തിക. സി. എസ് | S0135/ 2024 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 23080352032300676050 - 18/10/2023 | SIBL0000705/ 0705053000001820 | 600 |
| | | S0135/ 2024 | ജില്ലാ പഞ്ചായത്ത് വിഹിതം | 23080352032300977046 - 23/12/2023 | | 336 |
| | | S0135/ 2024 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 23080352032301038333 - 08/01/2024 | | 430 |
| | | S0135/ 2024 | വികസന ഫണ്ട് (ജനറൽ) | 23080352032300820984 - 21/11/2023 | | 100( |
| | | S0163/ 2025 (S0135/ 2024) | വികസന ഫണ്ട് (ജനറൽ) | 24080352032300163691 - 15/05/2024 | | 500 |
| | | S0163/ 2025 (S0135/ 2024) | വികസന ഫണ്ട് (ജനറൽ) | 24080352032300163703 - 15/05/2024 | | 483 |
| | അനുവദിച്ച് നൽകിയ ആകെ സ്കോളർഷിപ് തുക | | | | | 33,5( |
| | **അനുവദിച്ച് നൽകിയ അധിക സ്കോളർഷിപ് തുക** | | | | | **5,0(** |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 3) | ഷാരോൺ തോമസ് | S0135/ 2024 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 23080352032300676050 - 18/10/2023 | SBIN0070117/ 67222945171 | 6000 |
| | | S0135/ 2024 | ജില്ലാ പഞ്ചായത്ത് വിഹിതം | 23080352032300977046 - 23/12/2023 | | 3365 |
| | | S0135/ 2024 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 23080352032301038333 - 08/01/2024 | | 4300 |
| | | S0135/ 2024 | വികസന ഫണ്ട് (ജനറൽ) | 23080352032300820984 - 21/11/2023 | | 1000( |
| | | S0163/ 2025 (S0135/ 2024) | വികസന ഫണ്ട് (ജനറൽ) | 24080352032300163691 - 15/05/2024 | | 5000 |
| | | S0163/ 2025 (S0135/ 2024) | വികസന ഫണ്ട് (ജനറൽ) | 24080352032300163703 - 15/05/2024 | | 4835 |
| | അനുവദിച്ച് നൽകിയ ആകെ സ്കോളർഷിപ് തുക | | | | | 33,50( |
| | **അനുവദിച്ച് നൽകിയ അധിക സ്കോളർഷിപ് തുക** | | | | | **5,000** |

| | | | | | | |
|---|---|---|---|---|---|---|
| 4) | **ശ്യാം കുമാർ. സി. എസ്** | S0135/ 2024 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 23080352032300676050 - 18/10/2023 | SBIN0070117/ 67314281217 | 6000 |
| | | S0135/ 2024 | ജില്ലാ പഞ്ചായത്ത് വിഹിതം | 23080352032300977046 - 23/12/2023 | | 3365 |
| | | S0135/ 2024 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 23080352032301038333 - 08/01/2024 | | 4300 |
| | | S0135/ 2024 | വികസന ഫണ്ട് (ജനറൽ) | 23080352032300820984 - 21/11/2023 | | 1000 |
| | | S0163/ 2025 (S0135/ 2024) | വികസന ഫണ്ട് (ജനറൽ) | 24080352032300163691 - 15/05/2024 | | 5000 |
| | | S0163/ 2025 (S0135/ 2024) | വികസന ഫണ്ട് (ജനറൽ) | 24080352032300163703 - 15/05/2024 | | 4835 |
| | അനുവദിച്ച് നൽകിയ ആകെ സ്കോളർഷിപ് തുക | | | | | 33,50 |
| | **അനുവദിച്ച് നൽകിയ അധിക സ്കോളർഷിപ് തുക** | | | | | **5,000** |

| | | | |
|---|---|---|---|
| | **അധിക നിരക്കിൽ അനുവദിച്ചു നൽകിയ ആകെ സ്കോളർഷിപ് തുക (5000 + 5000 + 5000 + 5000)** | | **20,00** |

പ്രസ്തുത വിദ്യാർത്ഥികൾക്കായി ക്രമ നം. (I) & (II) പ്രകാരം, സ്കോളർഷിപ്പ് ഇനത്തിൽ 30,000/- രൂപ (10000 + 20000) അധികം അനുവദിച്ച് നൽകിയതിന് വിശദീകരണം ആവ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 10/ തീ.19.12.2025), മറുപടി ലഭ്യമാക്കിയില്ല. സാഹചര്യത്തിൽ വികസന ഫണ്ട് (ജനറൽ), വിഭാഗത്തിലുള്ള 10,000/- രൂപയും (ക്രമ പ്രകാരമുള്ളത്), 20000/- രൂപയും (ക്രമ നം. II പ്രകാരമുള്ളത്) ഉൾപ്പെടെ അധിക നിര നൽകിയ 30000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുക തുടർ വർഷത്തെ ധനസഹായത്തിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

## 1-22 'സ്ത്രീ പദവി' പഠനം - പഠന റിപ്പോർട്ടിലെ ശുപാർശകൾ വാർഷിക പദ്ധ രൂപീകരണത്തിൽ പ്രതിഫലിച്ചില്ല

വാർഷിക പദ്ധതിയുടെ ഭാഗമായി, ഐ. സി. ഡി. എസ് സൂപ്പർവൈസർ നിർ ഉദ്യോഗസ്ഥയായി, 'സ്ത്രീ പദവി' പഠനം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. / പേര് | S0159/ 25<br>'സ്ത്രീ പദവി' പഠനം |
| ഫണ്ട്<br>തൻവർഷ അടങ്കൽ | വികസന ഫണ്ട് (ജനറൽ)<br>2,10,000/- |
| ചെലവ് | 1,84,190/- |

| | |
|---|---|
| BRN / തീയതി | 240803520323001637O7 /15/05/2024 ( 1,84,190/-രൂപ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ. സി. ഡി. എസ് സൂപ്പർവൈസർ |

2023-24 വർഷം ആവിഷ്ക്കരിച്ച് സ്പിൽ ഓവറായി തൻവർഷം തുടർന്ന പ്രസ്തുത പ്രോജക്ട് പ്ര 'സ്ത്രീ പദവി' എന്ന വിഷയം പഠനവിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി, വിമൻസ് റിസോഴ്സ് സെന്ററർ, കോൺവെന്റ് റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം സ്ഥാപനത്തെ നിയോഗിച്ച് 2023-2024 സാമ്പത്തിക വർഷം ടി സ്ഥാപനത്തിന്റെ CBIN 1408039370 നം. ബാങ്ക് അക്കൗണ്ടിൽ 40,000/- രൂപ (BRN : 2308035203230111 5732 - 24/01/2024) ട്ര ക്രെഡിറ്റ് ചെയ്ത് നൽകിയിരുന്നു. പ്രസ്തുത പദ്ധതിക്കായി മുൻവർഷത്തേതുൾപ്പടെ ആകെ 2 (184190 + 40000) രൂപ ചെലവഴിച്ചിട്ടുണ്ട്. 'സ്ത്രീ പദവി' എന്ന വിഷയം പഠനവിധേയമാക്കി റി സമർപ്പിക്കുന്നതിന്, പ്രസ്തുത സ്ഥാപനത്തെ തിരഞ്ഞെടുത്തതിന്റെ ടെൻഡർ/ ക്വ നടപടിക്രമങ്ങളുടെ രേഖകൾ (ബന്ധപ്പെട്ട ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് ഉൾ 'സ്ത്രീ പദവി' എന്ന വിഷയം പഠനവിധേയമാക്കി സമർപ്പിക്കപ്പെട്ട റിപ്പോർട്ടിനെ ആസ്പ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർ പ്രവർത്തനങ്ങൾ എന്നിവയുടെ വിശദാം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 09/ 19.12.2025), മ ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസം,വൈവാഹിക അവസ്ഥ, തൊഴിൽ, വരു കലാ, കായിക, സാംസ്കാരിക മേഖലകളിലെ പങ്കാളിത്തം, തൊഴിലിന് പോകാത്ത സാഹചര്യം, ഭൂമിയുടെ ഉടമസ്ഥാവകാശം, വാഹനം ഓടിക്കുന്നവർ/ ഓടിക്കാത്തവർ, അതിക്രമങ്ങൾ നേരിട്ടവർ, വിവിധ സംഘടനകളിലെ അംഗത്വം, അടിസ്ഥാന സൗ ആരോഗ്യം, ഭിന്നശേഷിയുള്ളവരുടെ വിവിധ സാഹചര്യങ്ങൾ തുടങ്ങി സ്ത്രീസമൂഹത്ത

ശാക്തീകരണവും ഉന്നമനവും ലക്ഷ്യമാക്കിക്കൊണ്ടും വിഷയാടിസ്ഥാനത്തിൽ മേഖലകളെയും സ്പർശിച്ചുകൊണ്ടും പ്രസ്തുത സ്ഥാപനം റിപ്പോർട്ട് സമർപ്പിച്ചെങ്കില റിപ്പോർട്ടിലെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും, നടപ്പിലാക്കുകയോ, വാർഷിക രൂപീകരണത്തിൽ പ്രയോജനപ്പെടുത്തിയതായോ വിലയിരുത്തുവാൻ സാധിക്കുന്നില്ല. അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ, പദ്ധതിയുമായി ബന്ധ തൻവർഷം വികസന ഫണ്ട് - ജനറൽ വിഭാഗത്തിൽ നടത്തിയിട്ടുള്ള 1,84,190/- രൂപയുടെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഠന റിപ്പോർട്ടിലെ കണ്ടെത്തലുകളെ അടിസ്ഥാനപ്പെ സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവുമുൾപ്പെടെ സമഗ്ര വികസനം സാധ്യമ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് എന്നി അടിയന്തിര ശ്രദ്ധ പ്രസ്തുത വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-23 വയോജനങ്ങൾക്ക് കട്ടിൽ വിതരണ പദ്ധതി - ചെലവ് രേഖകളിൽ അവ്യക

വാർഷിക പദ്ധതിയുടെ ഭാഗമായി, ഐ. സി. ഡി. എസ് സൂപ്പർവൈസർ നിർ ഉദ്യോഗസ്ഥയായി, 'വയോജനങ്ങൾക്ക് കട്ടിൽ നൽകൽ (ജനറൽ)' എന്ന സ്പിൽ ഓവർ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. / പേര് | S0145/ 2025<br>വയോജനങ്ങൾക്ക് കട്ടിൽ നൽകൽ – ജനറൽ |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 2,65,000/- |
| ചെലവ് | 2,62,440/- |
| ബിൽ നം. / തീയതി | 22/ 09.05.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ. സി. ഡി. എസ് സൂപ്പർവൈസർ |

ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 1 (1)/ 27.01.2024 നം. തീരുമാനം പ്രകാരം, ആർട്ട്കോ ക
ശാഖയുടെ ടെൻഡറിന് അംഗീകാരം നൽകുകയും, അതിന്റെ അടിസ്ഥാനത്തിൽ ഐ. സി
എസ് സൂപ്പർവൈസർ 3645/- രൂപ നിരക്കിൽ '72' കട്ടിലുകൾ വിതരണം ചെയ്യുന്നതിന് വ
ഓർഡർ നൽകിയതായും കാണുന്നു. കരാർ വ്യവസ്ഥകൾ ഭാഗികമായി മാത്രം ഉൾപ്പെടു
മുദ്രപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. '72' കട്ടിലുകൾ ലഭ്യമാക്ക
ആവശ്യപ്പെട്ടുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയ കട്ടിൽ വിതരണ രജിസ്റ്റർ പ്ര
വിതരണം ചെയ്ത കട്ടിലുകളുടെ എണ്ണം '71' എന്ന് കാണുന്നു. വർക്ക് ഓർഡറിലേയും, നിർ
ഉദ്യോഗസ്ഥൻ പരിപാലിക്കുന്ന കട്ടിൽ വിതരണ രജിസ്റ്ററിലേയും കട്ടിലുകളുടെ എണ്ണ
പൊരുത്തക്കേട് സംബന്ധിച്ച് വിശദീകരണവും (ആകെ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേ
ഉൾപ്പെടെ), പ്രസ്തുത വാങ്ങലിന്റെ ടാക്സ് ഇൻവോയ്സും പരിശോധനയ്ക്ക് ലഭ്യമാക്ക
ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 08/ 19.12.2025), മറുപടി ലഭ്യമാക്ക
കട്ടിലുകൾ വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ് ഓഡിറ്റിൽ ലഭ്യമാക്കാത്തതിനാൽ പ്ര
പദ്ധതിക്ക് വികസന ഫണ്ടിൽ (ജനറൽ) നിന്നും നടത്തിയിട്ടുള്ള 2,62,440/- രൂപയുടെ ര
ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ലൈഫ് ഭവന പദ്ധതി & ഭവന പുനരുദ്ധാരണ പദ്ധതി - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

### എ) ലൈഫ് ഭവന നിർമ്മാണ പദ്ധതി

ഗ്രാമപ്പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട്, ഗഡുക
തുക കൈപ്പറ്റിയെങ്കിലും, നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാതെ/ പൂർത്തീകരി
തുടരുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്റ്റേജ് | അവസാന ഗഡു അനുവദിച്ച് | ആ അനുവ നൽകിയ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | നൽകിയ തുക / തീയതി | |
| 1) | അജിത് പ്രസാദ് , കയ്യാലയ്ക്കൽ, ആലപ്ര | ലിന്റൽ | 160000/ 14.02.23 | 3600( |
| 2) | ബാബു. പി. എം പുള്ളോലിപ്പറമ്പിൽ ആലപ്ര | റൂഫ് | 60000/ 08.05.23 | 3600( |
| 3) | തങ്കമണി ശശികുമാർ കൂവക്കാവിൽ മുക്കട | മുൻകൂർ | 40000/ 01.06.22 | 4000 |
| 4) | കാഞ്ചന രാജൻ താന്നിക്കാട്ട് മുക്കട | ബേസ്മെന്റ് | 160000/ 01.10.22 | 2000( |
| 5) | അർജിത്ത് വിജയൻ കല്ലുമൂലയിൽ മുക്കട | ബേസ്മെന്റ് | 160000/ 27.08.22 | 2000( |
| 6) | സുരേഷ്. കെ.വി കരിമ്പൊലിൽ മണിമല | മുൻകൂർ | 40000/ 20.01.23 | 4000 |
| 7) | റാണി രാജമ്മ പണ്ടാരക്കണ്ടത്തിൽ | റൂഫ് | 60000/ 20.01.23 | 2600( |

| | | | | |
|---|---|---|---|---|
| | മുക്കട | | | |
| 8) | അമീർ ഖാൻ പള്ളത്തുകാലായിൽ ആലപ്ര | വാൾ പ്ലേറ്റ് | 100000/ 21.10.25 | 30000 |
| 9) | സുൽഫിയ അനീഷ് ചരളയിൽ ചാരുവേലി | റൂഫ് | 60000/ 06.10.22 | 36000 |
| 10) | രാജു. സി. എസ് ചെറ്റേപ്പറമ്പിൽ ചാരുവേലി | വാൾ പ്ലേറ്റ് | 100000/ 08.08.24 | 30000 |
| 11) | അമ്മിണി കുഞ്ഞുമോൻ ഉപ്പിടുംപാറ | വാൾ പ്ലേറ്റ് | 100000/ 14.09.22 | 30000 |
| 12) | അന്തോണിയമ്മ ചെറുവള്ളി എസ്റ്റേറ്റ് | റൂഫ് | 60000/ 26.05.23 | 36000 |
| 13) | ഗൗരി ഭായ് പൊയ്കയിൽ മുക്കട | വാൾ പ്ലേറ്റ് | 100000/ 24.09.25 | 30000 |
| 14) | ശാന്തമ്മ രാജു ഓലിക്കൽ പൂവത്തോലി | മുൻകൂർ | 40000/ 09.05.23 | 40000 |
| 15) | ഫാത്തിമ ബീവി | റൂഫ് | 50000/ 28.12.23 | 35000 |

| | | | | |
|---|---|---|---|---|
| | വെച്ചൂക്കുന്നേൽ ആലപ്ര | | | |
| 16) | ലീലാമ്മ ഇടപ്പറമ്പിൽ കറിക്കാട്ടൂർ | ബേസ്മെന്റ് | 60000/ 19.10.23 | 2000( |
| 17) | തങ്കമ്മ കുഞ്ഞുമോൻ കഞ്ഞിത്തോട് ആലപ്ര | മുൻകൂർ | 40000/ 16.08.23 | 4000( |
| 18) | ശ്യാമള ശശി തെങ്ങേലിൽ കറിക്കാട്ടൂർ | ബേസ്മെന്റ് | 160000/ 20.12.23 | 2000( |
| 19) | ബിജു. സി. എൻ ചക്കാലപ്പറമ്പിൽ മുക്കട | ബേസ്മെന്റ് | 160000/ 12.03.24 | 2000( |
| 20) | പ്രതീഷ്. കെ. വി വെന്തറ കറിക്കാട്ടൂർ | മുൻകൂർ | 40000/ 06.06.23 | 4000( |

**ബി) <u>ഭവന പുനരുദ്ധാരണ പദ്ധതി</u>**

പ്രോജക്ട് നം. – 80/25, 85/25

നിർവ്വഹണം – വി.ഇ.ഒ, കറിക്കാട്ടൂർ

ഭവനപുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട്, ആദ്യ ഗഡു മുൻകൂർ തുക തൻ( കൈപ്പറ്റിയിട്ടും, നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാതെ തുടരുന്ന ഗുണഭോക്താക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്റ്റേജ് | അവസാന ഗഡു അനുവദിച്ച് നൽകിയ തുക / തീയതി | ആ( അനുവ നൽകിയ |
|---|---|---|---|---|
| 1) | അശ്വതി. കെ. എസ് വാലുപറമ്പിൽ കറിക്കാട്ടൂർ | മുൻകൂർ | 50000/ 05.03.25 | 5000( |
| 2) | രാജൻ. പി. പി പക്കാവുങ്കൽ പൊന്തൻപുഴ | മുൻകൂർ | 50000/ 05.03.25 | 5000( |
| 3) | രജനി മധു ഓട്ടുപുരയ്ക്കൽ കറിക്കാട്ടൂർ | മുൻകൂർ | 50000/ 11.03.25 | 5000( |
| | | | ആകെ | 1,50,000/- |

ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ മേൽപ്പറഞ ഗുണഭോക്താക്കൾക്കായി അനുവദിച്ച 1.50 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**സി) <u>ലൈഫ് ടോയ്‌ലറ്റ് നിർമ്മാണ പദ്ധതി</u>**

പ്രോജക്റ്റ് നം. - 240/25
നിർവ്വഹണം – വി.ഇ.ഒ, കറിക്കാട്ടൂർ

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട്, ടോയ്‌ലറ്റ് നിർമ്മാണത്തിനായി തൻ വർഷം കൈപ്പറ്റി, നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാതെ/ പൂർത്തീകരിക്കാതെ ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | അനുവദിച്ച് നൽകിയ തുക / തീയതി | ആകെ അനുവദിച്ച് നൽകിയ തുക |
|---|---|---|---|
| 1) | ലീലാമണി. പി. റ്റി പാറയ്ക്കൽ കറിക്കാട്ടൂർ | 12000/ 13.01.25 | 12000 |
| 2) | പൊന്നമ്മ രാജൻ ലക്ഷം വീട് കറിക്കാട്ടൂർ | 3400/ 23.03.25 | 3400 |
| | | ആകെ | 15,400/- |

പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 15,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്ത ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട്, 2022-ൽ ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്ത ഉൾപ്പെടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലായെന്ന വിഷയത്തിലേക്ക് ഭരണസമിത പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കാലതാമസം കൂടാതെ, നിർമ്മാണ പ്രവൃത്തികൾ പൂർത്തീ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭരണസമിതി അംഗങ്ങളുടെ സഹകരണത്തോ

വിഷയത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്തേണ്ടതും നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നിതിന് വേണ്ട പ്രോത്സാഹനം ഗുണഭോക്താക്കൾക്ക് നൽകേണ്ടത കൈപ്പറ്റിയ തുക ദുർവിനിയോഗം ചെയ്യതായി ബോധ്യപ്പെടുന്ന പക്ഷം പിഴപ്പലിശ സ തിരികെ ഈടാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1- 25 എഫ്.എച്ച്.സികളുടെ സബ്സെന്ററർ കെട്ടിട നിർമ്മാണം - അപാകതകൾ

| | | | |
|---|---|---|---|
| പ്രോജക്ട് | എസ് 275/25 എഫ്.എച്ച്.സി മണിമല മെയിൻ സെന്റർ കെട്ടിട നിർമ്മാണം | എസ് 274/25- ആലപ്ര സബ് സെന്റർ കെട്ടിട നിർമ്മാണം | എസ് 276/25- കറിക്കാ സബ് സെന്റർ കെട്ട നിർമ്മാണം |
| അടങ്കൽ | 2775000 | 2775000 | 2775000 |
| ചെലവ് | 1100000 (ഹെൽത്ത് ഗ്രാന്റ്) (ബിൽ നമ്പർ 298/04.03.25) | 1100000 (ഹെൽത്ത് ഗ്രാന്റ്) (ബിൽ നമ്പർ 275/15.02.25) | 1100000 (ഹെൽത്ത് ഗ്ര (ബിൽ നമ്പർ 282/19.0 |
| കരാർ | 66/2023-24/15.03.2024 | 65/2023-24/15.03.2024 | 67/2023-24/15.03.2024 |
| എസ്റ്റിമേറ്റ് നം | നം-2024/5964- 5250000 & 2024/ 5969- 250000 | 2024/5814- 5250000 & 2024/5926- 250000 | 2024/6128- 5250000 & 2024/6052- 250000 |

പരാമർശിത പ്രോജക്ടുകൾ പ്രകാരം മണിമല എഫ്.എച്ച്.സി മെയിൻ സെന്റർ , ( എഫ്.എച്ച്.സി സബ് സെന്റർ, കറിക്കാട്ടൂർ എഫ്.എച്ച്.സി സബ് സെന്റർ എന്നിറ നിർമ്മാണത്തിനുള്ള അഡ്വാൻസ് ഇനത്തിൽ ആകെ 3300000 രൂപ (ഓരോ പദ്ധതികൾക്കും രൂപ വീതം) നിർവ്വഹണ ഏജൻസിയായ കോട്ടയം ജില്ല നിർമ്മിതി കേന്ദ്രത്തിന് (അക്കൗ 57017045226) നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചേർക്കുന്നു.

**1) അക്രെഡിറ്റഡ് ഏജൻസി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ - സർക്കാർ ഉര പാലിച്ചില്ല.**

പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം, അതുമായി ബന്ധപ്പെട്ട വൈദ്യുതീകരണം പ
നടപ്പാക്കുന്നതിന് കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോൺ PMC ആയി പ്ര
ഏൽപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സിവിൽ വർക്കിനായി 52.5 ലക്ഷം രൂപയു
ഇലക്ട്രിഫിക്കേഷനായി 2.5 ലക്ഷം രൂപയുടെയും ഉൾപ്പെടെ ആകെ 5500000/- രൂപയുടെ വ
എസ്റ്റിമേറ്റുകൾ നിർമ്മിതി കേന്ദ്രം നൽകുകയും എസ്റ്റിമേറ്റ് തുകയുടെ 20% ആയ 330000
(ഓരോ പദ്ധതിക്കും 1100000/- രൂപ വീതം) അഡ്വാൻസായി നിർമ്മിതി കേന്ദ്രത്തിന് നൽകു
ചെയ്തിട്ടുണ്ട്. അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള പ്രവൃത്തികൾ നിയന്ത്രിക്കുന്നത
സംസ്ഥാന സർക്കാർ ധനകാര്യ വകുപ്പിന്റെ 02.09.2022 ലെ GO(P)104/2022 നമ്പർ ഉത്തരവ് പ്ര
കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് Cost Effective Work കൾ Non PMC ആയി ചെയ്യുന്നത
അനുമതിയുള്ളത്. എന്നാൽ ചെലവു കുറഞ്ഞ സാങ്കേതികവിദ്യയ്ക്കു പകരം സാ
മരാമത്തു പ്രവൃത്തികളിൽ ഉൾപ്പെടുന്ന ഇനങ്ങൾ മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ട
ആകയാൽ പ്രസ്തുത കെട്ടിടങ്ങളുടെ വൈദ്യുതീകരണമുൾപ്പെടെ
നിർമാണപ്രവൃത്തികളുടെ ചുമതല നിർമ്മിതി കേന്ദ്രത്തിന് കൈമാറിയ
ക്രമപ്രകാരമുള്ളതല്ല.

**2) എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത**

ധനകാര്യ വകുപ്പിന്റെ 28-04-2021-ലെ ജി.ഒ(പി) 67/2021 നമ്പർ ഉത്തരവിലൂടെ നിർ
ഏജൻസികളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ച
പ്രസ്തുത ഉത്തരവിന്റെ അനുബന്ധത്തിൽ വിവിധ ഇനം മരാമത്തു പ്രവൃത്തികളുടെ വിവ
നൽകിയിട്ടുണ്ട്. പ്രസ്തുത അനുബന്ധത്തിന്റെ ഖണ്ഡിക 15അനുസരിച്ച്, DSR നിരക്കിനേ
കുറഞ്ഞ നിരക്കിൽ നിർവ്വഹിക്കുന്ന പ്രവൃത്തികളാണ് Cost Effective Work
പരിഗണിക്കേണ്ടത്. എന്നാൽ ഡി.എസ്.ആർ 2018 പ്രകാരം തന്നെ തയ്യാറാക്കിയ എസ്റ്റിമേ
ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ചിരിക്കുന്നത്.

**3). കരാർ വ്യവസ്ഥകൾ പൂർണ്ണമല്ല.**

പരാമർശിത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ജില്ല നിർമ്മിതി കേന്ദ്രവുമായി
ചമച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് പിഴ ഈട

തർക്കം പരിഹരിക്കൽ, ഡിഫക്ട് ലയബലിറ്റി പീരിയഡ് (DLP) എന്നിവയ്ക്കുള്ള വ്യവസ
കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

**4). സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.**

പ്രവൃത്തികളുടെ ഗുണമേന്മയും സമയബന്ധിതമായ പൂർത്തീകരണവും ഉറപ്പാക്ക
നിർവ്വഹണ ഏജൻസികളിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കേണ്ടതാണ്. എന്നാൽ
നിർമ്മിതി കേന്ദ്രത്തിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതായി കാണുന്നില്ല.

**5). കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ല**

അഡ്വാൻസ് കൈപ്പറ്റി 9 മാസത്തിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുമെന്ന് ക
വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നാളിതു വരെ നിർമ്മാണം പൂർത്തിയായിട്ടില്ല . കൂടാതെ
നിർമ്മാണം ഏതു സ്റ്റേജ് വരെ എത്തിയെന്നതിന്റെ വിവരങ്ങളും ലഭ്യമല്ല. പരാമ
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (06/19.12.25) മ
ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ 3300000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകത
വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## <u>1-26 Dry Rubble Masonry- ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്കിൽ എസ്റ്റിമേറ്റുക തയ്യാറാക്കുന്നു</u>

തൻവർഷം നടപ്പാക്കിയ ഏതാനും റോഡ് നിർമാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ക
ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി നിർമ്മാണവും (DR Masonary) ഉൾപ്പെട്ടിരുന്നു. ഒബ്സർവ്
തയ്യാറാക്കിയാണ് പ്രസ്തുത ഇനത്തിന് നിരക്ക് കണക്കാക്കിയിട്ടുള്ളത്. പ്രൈസിലെ ഇറി
വകുപ്പിന്റെ ഒബ്സർവ്ഡ് ഡാറ്റ സ്പെസിഫിക്കേഷൻ കോഡ് 60.7.1 അടിസ്ഥാനമാക്ക
ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുന്നത്. അതിന്റെ വിവരണം ചുവടെ ചേർക്കുന്നു.

**<u>60.7.1 DRY RUBBLE MASONRY - </u>Dry Rubble Without Concrete Levelling Course Masonry With Good Blasted Rubble Including Packing To Compactness To Lines And Levels Cost And Conveyance Of All Materials Charges Etc. Complete As Per Departmental Officers At Site.**

ഇതേ വിവരണമാണ് ഒബ്സർവഡ് ഡേറ്റ തയ്യാറാക്കുന്ന ഐറ്റങ്ങൾക്ക് ഉൾപ്പെടുത്തിയിട്ടു പ്രൈസിലെ ഇറിഗേഷൻ വകുപ്പിന്റെ പ്രസ്തുത ഒബ്സർവ്ഡ് ഡാറ്റ പ്രകാരം നിരക്ക് ഒരു ക്യ മീറ്ററിന് 3513.33 രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഒരേ വർഷം നടപ്പാക്കിയ സംര ഭിത്തി നിർമ്മാണ പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ വെവ്വേറേ ഒബ ഡാറ്റ തയ്യാറാക്കി വ്യത്യസ്ത നിരക്ക് നൽകുന്നതായി മരാമത്ത് പ്രവൃത്തികളുടെ ഫയലു കാണുന്നു.

ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| | പ്രോജക്ട് നം. , പേര് | ഒബ്സർവ്ഡ് ഡാറ്റ | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്ക് | പ്രവൃത്തിയ അളവ് |
|---|---|---|---|---|
| 1 | എസ്186/2024-25- ഇളം തോട്ടത്തിപ്പടി-ഞണ്ടുകുഴിപ്പടി റോഡ് മെയിന്റനൻസ് | OD187729/ 2023-24 | 3683.18/ M3 | 133.321 M3 |
| 2 | എസ്214/2024-25- മേലേക്കവല വഞ്ചിക്കപ്പാറ റോഡ് മെയിന്റനൻസ് | OD 127048/ 23-24 | 3660.07/ M3 | 33.623 |

എന്നാൽ തൻ വർഷം നടപ്പാക്കിയ ടേക്ക്-എ-ബ്രേക്ക് പൊതു ശുചിത്വ സമുച്ചയ പൂർത്തീ (പ്രോജക്ട് നം- 178/25) എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ 3513.33/ M3 (സ്പെസിഫിക്കേഷൻ-60.7.1 നിരക്കിലാണ് കരിങ്കൽകെട്ട് ചെയ്യുന്നതിനായി തുക വകയിരുത്തിയിട്ടുള്ളത്. ഇപ്രകാര ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഒരേ സ്വഭാവത്തിലുള്ള കരിങ്കൽ കെട്ട് പ്രവൃത്തികൾക വർഷം വ്യത്യസ്ത നിരക്കുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ നടപടിക്ക് വിശദീകരണം ലഭ്യമാ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/19.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും കരാറുകാരന് കൂടുതൽ നൽകിയിട്ടുള്ളപക്ഷം ആയത് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

## 1-27 പൂർത്തീകരണം താമസിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഫൈ ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷം നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തി കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പൂർത്തീകരി 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% ഈടാക്കണം. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 5 അധികരിക്കാൻ പാടില്ല. പ്രസ്തുത വ്യവസ്ഥയ്ക്ക് സ്പഷ്ടീകരണം നൽകി തദ്ദേശസ്വയംഭരണ പുറപ്പെടുവിച്ച 18.08.2018- ലെ AC2/223/2015 നൽകി പുറപ്പെടുവിച്ച സർക്കുലറിലെ വ്യവസ ചുവടെ ചേർക്കുന്നു.

മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്ര പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ, നിശ്ചിത കാലാവധിയുടെ 25% സമയം അല്ലെങ്കിൽ 6 ഏതാണോ കുറവ്, ആയത് അനുവദിക്കാവുന്നതാണ്. ഒരു പ്രവൃത്തിക്ക് അനുവദിക്ക പരമാവധി അധിക പൂർത്തീകരണ കാലാവധി ആ പ്രവൃത്തിയുടെ അനുവ കാലാവധിയുടെ പകുതി മാത്രമായിരിക്കും. കരാർ ഉടമ്പടി പ്രകാരം പ്ര പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ച വരുത്തുന്ന പിഴയോടുകൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ആദ്യത്തെ മാസം വരെ കരാർ തുകയുടെ 1% (1000 രൂപയിൽ കുറയാതെയും 50,000/-രൂപയിൽ കവിയാ പിഴ ചുമത്താവുന്നതും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയു (2000 രൂപയിൽ കുറയാതെയും 1,00,000/- രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതും കരാർ കാലാവധി നീട്ടിക്കൊടുക്കുമ്പോഴും അധിക ജോലി ചെയ്യേണ്ടി വരുമ്പോഴും അന കരാർ (Supplementary Agreement) വയ്ക്കേണ്ടതാണ്. എന്നാൽ കരാറുകാരൻ പ്രവൃത്ത പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെ കരാർ വെക്കുകയോ ചെയ്തിട്ടില്ല. അതിനാൽ 2012-ലെ പൊതുമരാമത്ത് മാനുവലിലെ സെ 2116.1 പ്രകാരം, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി എടുത്ത ഓരോ ആഴ്ചയ്ക്കും

തുകയുടെ (PACയുടെ) 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീക വൈകിയതിനുള്ള നഷ്ടപരിഹാരം/ലികിഡേറ്റഡ് ഡാമേജ് ആയി ഈടാക്കേണ്ടതാണ്. എ പിഴ ഈടാക്കാതെയാണ് ഫൈനൽ ബിൽ നല്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 222/25- ആലയം കവല എ.കെ കവല വട്ടുകുന്നേര റോഡ് മെയിന്റനൻസ് |
| ചെലവ് | 625000 (റോഡിതരം) |
| ചെലവ് വിവരങ്ങൾ | ബി.ആർ.നം. 23080352021501384790/16.03.2025, രൂപ 6,25,000/- |
| പൂർത്തീകരണ കാലയളവ്, | 6 മാസം |
| കരാർ നം./ തീയതി | 31/AE/LID &EW/MNLA/2022-23 Dt.16.02.2023 |
| സൈറ്റ് കൈമാറിയ തീയതി | 16/02/2023 |
| പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത് | 15/08/2023 |
| പ്രവൃത്തി പൂർത്തിയാക്കിയത് | 08/03/2024 |
| കരാറുകാരൻ | ബിജു തോമസ് |
| പിഴ ഈടാക്കേണ്ട കാലയളവ് | 29 ആഴ്ചകൾ |
| പി.എ.സി | 580201 രൂപ |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | 16826 (580201@2.9%) |

പരാമർശിത പ്രവൃത്തികളുടെ കരാറുകാരനിൽ നിന്ന് ഫൈൻ ഈടാക്കാത്തതിന് വിശദീക ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/20.12.25) മ ലഭ്യമാക്കിയിട്ടില്ല. കരാറുകാരനിൽ നിന്ന് നിയമാനുസൃത ഫൈൻ ഈടാക്കി റ അറിയിക്കേണ്ടതാണ്.

## 1-28 തെരുവു വിളക്കുകൾ സ്ഥാപിക്കലും മെയിന്റനൻസും -പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം | 113/25 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും മെയിന്റനൻസും |
| അടങ്കൽ | ₹490000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | ₹392000/- |
| വൗച്ചർ നം. തീയതി | XVFC/2024-25 തീയതി 19.03.2025 |

